# തിരുഹൃദയ മാസിക
## (The Sacred Heart Monthly)

**Vol. 77**
**2012 December**

**പ്രേഷിത വർഷം**

77 Years of Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Abraham Parambett**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- പാസ്റ്ററൽ ലെറ്റർ
- ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ട്
- വാർത്തകൾ
- ചൈതന്യ ന്യൂസ്
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- തൂവാനീസാ പ്രോഗ്രാം
- ബൈബിൾ കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- കരിസ്മാറ്റിക് കമ്മീഷൻ
- വിൻസെന്റ് ഡി പോൾ
- കെ.സി.സി.
- കെ.സി.ഡബ്ല്യു.എ.
- ലീജിയൻ ഓഫ് മേരി
- കെ.സി.വൈ.എൽ.
- തിരുബാലസഖ്യം
- കെ.സി.എസ്.എൽ.
- ചെറുപുഷ്പ മിഷൻലീഗ്
- മലബാർ വാർത്തകൾ
- പിതാക്കന്മാരുടെ ഡയറി

**Engagements**
Mar Mathew Moolakkatt
Mar Joseph Pandarasseril

- വചനദർശനം



### വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No.122
World Media Day 2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 6-11-2012

പ്രിയദൈവജനമെ,

ആഗോളസഭ നവംബർ 18-ാം തീയതിയായ ഇന്ന് സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണ്. വിവിധ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കേണ്ട കടമ നമ്മെ അനുസ്മരിപ്പിക്കാനും ഇന്നത്തെ മാധ്യമങ്ങൾ നമ്മിൽ ചെലുത്തുന്ന തെറ്റായ സ്വാധീനത്തെക്കുറിച്ച് ബോധവാന്മാരായി അതിനെ ചെറുക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്താനുമുള്ള ദിവസമാണിത്. മനുഷ്യമനസിന്റെ ഭാവനയെ ഉദാത്തീകരിക്കാൻ ഉതകുന്ന നല്ല ആശയങ്ങൾ അവ പകരുന്നുണ്ട്. അതേ സമയം മനുഷ്യമനസിനെ മലിനമാക്കുന്നവയും മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഏതാണ് നന്മയെന്നും ഏതാണ് തിന്മയെന്നും തിരിച്ചറിയാനുള്ള വിവേകം ആധുനിക മാധ്യമ സംസ്കാരത്തിൽ ജീവിക്കുന്ന നമുക്ക് അത്യാവശ്യമാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രധാന മാനദണ്ഡമായി നിലകൊള്ളേണ്ടത് ക്രൈസ്തവ മൂല്യങ്ങളാണ്. നല്ല ആശയങ്ങൾ പ്രദാനം ചെയ്യുന്ന മാധ്യമങ്ങളെ പ്രോത്സാഹിപ്പിക്കാനും അതേ സമയം ദുഷിച്ച ആശയങ്ങളും തെറ്റിധാരണകളും പ്രചരിപ്പിക്കുന്ന മാധ്യമങ്ങളെ തള്ളിപറയാനുള്ള ആർജ്ജവം പ്രകടിപ്പിക്കുകയും വേണം. ധാർമ്മിക ചൂഷണത്തിന് കളമൊരുക്കുന്ന മാധ്യമങ്ങൾക്കെതിരെ ശബ്ദം ഉയർത്തുവാനുള്ള ബാധ്യതയും ക്രൈസ്തവനുണ്ട്.

മാധ്യമദിനത്തോടനുബന്ധിച്ച് പരി. പിതാവ് ബനഡിക്ട് 16-ാമൻ പാപ്പ തന്റെ സന്ദേശത്തിൽ മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തിന് ആവശ്യമായ രണ്ടു കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അത് നിശബ്ദതയും വാക്കുമാണ്. ഇവ ആശയവിനിമയത്തിലെ രണ്ടു വശങ്ങളാണ്. ജനങ്ങൾ തമ്മിൽ ആത്മാർത്ഥമായ സംവാദവും ദൃഢമായ അടുപ്പവും ഉണ്ടാകാൻ ഇവ രണ്ടും ആവശ്യമാണ്. ആശയവിനിമയത്തിലെ ഒരു മൗലിക ഘടകമാണ് നിശബ്ദത. ഇതുവഴി മറ്റുള്ളവരെ കേൾക്കാനും നമ്മെതന്നെ മനസിലാക്കാനും നമുക്കു കൂടുതൽ കഴിവുലഭിക്കുന്നു. ഇവിടെ ആശയങ്ങൾ ഉരുത്തിരിയുകയും ആഴമുള്ളതാവുകയും ചെയ്യുന്നു. കുരിശിലെ ത്യാഗത്തിന്റെ നിശബ്ദതയിലാണ് ദൈവസ്നേഹത്തിന്റെ പൂർണ്ണത നാം കാണുക. അതുപോലെ നമ്മുടെ നിശബ്ദതയുടെ ആഴങ്ങളിൽ, ദൈവതിരുമുമ്പിൽ തുറന്നുവച്ച മനസുമായി നമുക്ക് ദൈവവുമായി സമ്പർക്കത്തിൽ ഏർപ്പെടാൻ കഴിയും. ആന്തരിക ജീവിതം പോഷിപ്പിക്കുന്നതിലൂടെ മാത്രമേ ദൈവം, മനുഷ്യഹൃദയങ്ങളിൽ ആലേഖനം ചെയ്തിരിക്കുന്ന അറിവിലേക്കുള്ള വഴി തുറക്കപ്പെടുകയുള്ളൂ (G.S.14).

നമ്മുടെ പ്രായോഗിക ജീവിതത്തിലും പരിശുദ്ധ പിതാവിന്റെ നിർദ്ദേശം വളരെ പ്രയോജനകരമാണ്. പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പലരീതിയിലാണ് പലരും പ്രതികരിക്കുക. കേട്ടവർ കേട്ടവർ കാര്യങ്ങൾ ശരിയായി മനസിലാക്കാതെ അഭിപ്രായം പറഞ്ഞ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കാനിടയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സത്യം അറിയുന്നതുവരെ മൗനം ദീക്ഷിക്കുന്നതായിരിക്കും വിവേകപൂർണ്ണമായ സമീപനം. എന്നാൽ ചില സാഹചര്യങ്ങളിൽ പറയേണ്ട കാര്യങ്ങൾ വ്യക്തമായും കൃത്യമായും പറയാൻ മടിക്കുന്നത് തെറ്റാണ്. ആയതിനാൽ പ്രായോഗിക ജീവിതത്തിൽ മൗനവും വാക്കും ബുദ്ധിപൂർവ്വം ഉപയോഗിക്കാൻ പഠിക്കേണ്ടത് ആവശ്യമാണ്.

ഓരോ ദിവസവും നൂതനങ്ങളായ സാങ്കേതിക വിദ്യകളുപയോഗിച്ച് മാധ്യമ രംഗം കൂടുതൽ ജനകീയമാകുന്നു. മാറിമാറിവരുന്ന ഈ നൂതന സംവിധാനങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തിയില്ലെങ്കിൽ നാം പിന്തള്ളപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇന്ന് എല്ലാ മേഖലകളിലും മാധ്യമങ്ങളെ ശ്രദ്ധാപൂർവ്വം നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. നവസുവിശേഷവത്കരണത്തിന്റെ ഒരു കാലഘട്ടത്തിലാണല്ലോ നാം. ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾക്കും മാധ്യമലോകത്തെ പുതിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയേ മതിയാകൂ.

സാധാരണമായി ചോദിക്കാത്ത ചോദ്യങ്ങളുമായി പുതുതലമുറ മാധ്യമമേഖലയിൽ രംഗപ്രവേശനം ചെയ്തു കഴിഞ്ഞു. മാധ്യമലോകത്തെ വിവിധതരത്തിലുള്ള സേർച്ച് എൻജിൻ, സോഷ്യൽ നെറ്റ്‌വർക്കുകൾ എന്നിവ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം അവ ഇന്ന് ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ചിന്തിക്കാനും യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കാൻ ആളുകളെ സജ്ജമാക്കാനും ഇവയുടെ ശരിയായ ഉപയോഗം നമ്മെ സഹായിക്കും. ചെറിയ ശൈലികൾ കൊണ്ട്, ദൈർഘ്യം കുറഞ്ഞ വാക്കുകൾകൊണ്ട് ആഴമുള്ള ചിന്തകൾ ഇവയിലൂടെ കൈമാറാൻ നമുക്കു സാധിക്കും. എന്നാൽ ഇവയുടെ സാധ്യതകൾ ഉപയോഗിച്ച് അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രചരിപ്പിച്ച് സഭയെയും സമുദായത്തെയും ഛിന്നഭിന്നമാക്കാൻ ശ്രമിക്കുന്നവരുടെ കുതന്ത്രങ്ങൾ തിരിച്ചറിയാൻ നാം ഏറെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

സഭ മാധ്യമദിനം ആചരിക്കുമ്പോൾ നമ്മുടെ അതിരൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്. കോട്ടയം അതിരൂപതയെ ഒരു ചരടിൽ കോർത്തിണക്കുകയും അതിരൂപതയുടെ ഓരോ ഉൾതുടിപ്പുകളും പ്രതിഫലിപ്പിക്കുകയും

ചെയ്യുന്ന മാധ്യമമാണ് അപ്നാദേശ്. അഞ്ചു ഭൂഖണ്ഡങ്ങളിലേക്കും തപാലിൽ എത്തുന്ന കത്തോലിക്ക പ്രസിദ്ധീകരണം എന്ന ഖ്യാതി അപ്നാദേശിന്റെ മാത്രം സ്വന്തമാണ്. ഇതിന്റെ പ്രാധാന്യം മനസി ലാക്കി നമ്മുടെ എല്ലാ ഭവനങ്ങളിലും അപ്നാദേശ് എത്തുന്നു എന്ന് ഉറപ്പുവരുത്താൻ ഏവരും ശ്രദ്ധിക്കണം. കൂടാതെ ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ക്നാനായ മക്കളെ ഒരേചരടിൽ കോർത്തിണക്കാൻ അപ്നാദേശിന്റെ ഓൺലൈൻ പത്രം ഏറെ സഹായകമാകുന്നു. അപ്നാദേശ് ഓൺലൈൻ പത്ര ത്തിന് അറുപതിലധികം രാജ്യങ്ങളിൽ വായനക്കാരുണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്.

ദൈവം നമുക്കു നൽകിയ ബുദ്ധിയും വിവേകവും ഉപയോഗിച്ച് ദൈവമഹത്വത്തിനും സമൂഹ നന്മയ്ക്കുമായി സമ്പർക്ക മാധ്യമ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനാവശ്യമായ കൃപകൾ നിങ്ങൾക്കുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B.: ഈ സർക്കുലർ മാധ്യമദിനമായ നവംബർ 18-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിച്ചറിയിക്കേണ്ടതും ആ ദിവസത്തെ സ്തോത്രക്കാഴ്ച മാധ്യമരംഗത്തെ സഭയുടെ പ്രവർത്തനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട തുമാണ്.

Circular No.123
A.S.S.M. Fund

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 5-11-2012

പ്രിയ ബ. അച്ചാ,

2011 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോ മലബാർ സിനഡ് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സീറോ മലബാർ മിഷൻ രൂപതകളെ സഹായിക്കുന്നതിനായി ഒരു മിഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ച വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. അതിന്റെ അടിസ്ഥാനത്തിൽ മിഷൻ ഫണ്ട് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഇതിലേക്ക് സഭയുടെ എല്ലാ വിഭാഗത്തിലുമുള്ള ആളുകളുടെ സഹകരണം ഉണ്ടാകേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് നൽകിയ സന്ദേശം നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ.

സീറോ മലബാർ സഭയുടെ ഇപ്പോഴത്തെ അജപാലന പരിധിക്കു പുറത്ത് ഭാരതത്തിൽ ഇപ്പോൾ ഛാന്ദാ, ആദിലബാദ്, സാറ്റ്നാ, സാഗർ, ജഗദൽപൂർ, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ഉജ്ജൈൻ, കല്യാൺ, ഫരീദാബാദ് എന്നീ 11 മിഷൻരൂപതകളും, സീറോ മലബാർ സഭയുടെ അജപാലനപരിധിക്കുള്ളിൽ ബൽത്തങ്ങാടി, രാമനാഥപുരം, മാണ്ഡ്യ, ഭദ്രാവതി, തക്കല എന്നീ 5 മിഷൻ രൂപതകളും ഉൾപ്പെടെ 16 മിഷൻ രൂപതകളാണ് സീറോ മലബാർ സഭക്കുള്ളത്. നമ്മുടെ സഭയുടെ മക്കളായ ഈ രൂപതകളെ എല്ലാ വിധത്തിലും സഹായിക്കുക എന്നത് മാതൃസഭാംഗങ്ങളായ നമ്മുടെ ചുമതലയാണ്.

സിനഡിന്റെ തീരുമാനം നടപ്പിലാക്കുന്നതിനായി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ഒരു ഓഫീസ് പ്രവർത്തനം ആരംഭിച്ചി ട്ടുണ്ട്. ഈ മിഷൻ ഫണ്ടിന്റെ ഡയറക്ടറായി സീറോ മലബാർ സഭ നിശ്ചയിച്ചിരിക്കുന്നത് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനെ യാണ്. ഫാ. ജയ്സൺ പുത്തൂർ C.M.I. ആണ് ഇതിന്റെ സെക്രട്ടറി. ഈ ഫണ്ടിന്റെ പ്രവർത്തനങ്ങളെപ്പറ്റി ആവശ്യമായ അറിവു നൽകു ന്നതിനായി ഈ ഓഫീസിൽ നിന്നും സെന്റ് തോമസ് മിഷൻ എന്ന പേരിൽ ഒരു വാർത്താപത്രിക വർഷത്തിൽ 3 പ്രാവശ്യമായി - ഈസ്റ്റർ, ദുക്റാന, ക്രിസ്മസ് അവസരങ്ങളിൽ പ്രസിദ്ധീകരിക്കു ന്നുണ്ട്. അഭിവന്ദ്യ ഗ്രിഗറി പിതാവും ജയ്സൺ അച്ചനും കൂടി നമ്മുടെ അതിരൂപതയിലെ മിക്കവാറും എല്ലാ പള്ളികളും സന്ദർശി ക്കുകയും ഈ ഫണ്ടുപിരിവു സംബന്ധമായ രേഖകൾ പള്ളിക ളിൽ ഏല്പിക്കുകയും ചെയ്തിട്ടുണ്ടല്ലോ.

വരുന്ന ക്രിസ്മസ് അവസരത്തിൽ ഈ വർഷത്തെ പിരിവു നട ത്താൻ ആണ് അവർ ആഗ്രഹിക്കുന്നത്. 2012 ലെ ക്രിസ്മസ് സമ യത്തെ വാർത്താപത്രികയിൽ ഇതു സംബന്ധമായ വിശദവിവര ങ്ങൾ നൽകുന്നതാണ്. ഡിസംബർ ആദ്യം ഇടവകകളിൽ എത്തുന്ന വാർത്താപത്രിക എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുവാൻ ബ. വികാരിമാർ ശ്രദ്ധിക്കണം. നമ്മുടെ ഓരോ കുടുംബവും കുറഞ്ഞത് 200 രൂപയും ഓരോ സ്ഥാപനവും കുറ ഞ്ഞത് 500 രൂപയും ഈ ഫണ്ടിലേക്കു നല്കണമെന്നാണ് ആവശ്യ പ്പെട്ടിരിക്കുന്നത്. ഇടവകയിലെ പിരിവ് ബ. വികാരിയുടെ നേതൃ ത്വത്തിൽ നടത്തേണ്ടതാണ്. ആകെ ലഭിക്കുന്ന തുകയുടെ 5 ശത മാനം പള്ളിയുടെ ചെലവുകൾക്കായി എടുക്കാവുന്നതും ബാക്കി തുക കാക്കനാട്ടുള്ള ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക മുകളിൽ പറഞ്ഞ 16 രൂപതകളിൽ നിന്നുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ അവർക്കു നൽകു

ന്നതും ലഭിച്ച തുകയുടെ വിവരങ്ങളും അതു വിതരണം ചെയ്ത രീതികളും വിശദമായി അടുത്ത വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

നമ്മുടെ എല്ലാ വികാരിമാരും സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവരും സീറോ മലബാർ സഭയുടെ ഈ മഹത്തായ ഉദ്യമത്തിൽ താല്പര്യപൂർവ്വം പങ്കുചേരുകയും നമ്മുടെ 16 മിഷൻ രൂപതകളെ സഹായിക്കാനുള്ള മാതൃസഭയുടെ ഈ പ്രവർത്തനത്തിൽ സഹകരിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B.: ഈ സർക്കുലർ 2012 നവംബർ 25-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിലും വി.കുർബ്ബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും കുർബ്ബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

Pastoral Letter No. XIX

The Catholic Bishop's House
P.B. No. 71, Kottayam
Kerala, India-686 001.

## ദൈവകൃപയാൽ
## കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

## മാർ മാത്യു മൂലക്കാട്ട്

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവ ജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാ ധാനവും ആശംസിക്കുന്നു.*

ആഗോള കത്തോലിക്കാ സഭയോടൊത്ത് വിശ്വാസവർഷത്തി ലായിരിക്കുന്ന നാം നമ്മുടെ ക്രൈസ്തവ ജീവിതത്തിൽ പ്രത്യാശ യുടെ പ്രകാശവും ദൈവികസമാധാനവും പകർന്നുതരുന്ന മംഗള വാർത്താക്കാലത്തിലേക്കു പ്രവേശിക്കുകയാണല്ലോ. പാപം മൂലം തന്നിൽനിന്നകന്നു പോയ നമ്മെ വീണ്ടും ദൈവമക്കളുടെ സ്വാത ന്ത്ര്യത്തിലേയ്ക്കും സന്തോഷത്തിലേയ്ക്കും ഉയർത്തുവാൻ വേണ്ടി നമ്മുടെ ജീവിതസാഹചര്യങ്ങളിലേക്കു കടന്നുവരുന്ന ദൈവത്തിന്റെ ഏകജാതനെ സന്തോഷത്തോടെ എതിരേൽക്കാൻ മംഗളവാർത്ത ക്കാലം നമ്മെ ഒരുക്കുന്നു.

നമ്മുടെ ക്രൈസ്തവവിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കു വാനും ആ വിശ്വാസത്തിനനുസൃതം ജീവിക്കുവാനും അനുദിനജീ വിതത്തിൽ നാം നൽകുന്ന വിശ്വാസസാക്ഷ്യത്തിലൂടെ അനേകരെ വിശ്വാസ വഴികളിലേക്കാനയിക്കാനും വിശ്വാസവർഷാചരണം നമ്മെ സഹായിക്കണമെന്നാണു സഭ ആഗ്രഹിക്കുന്നതും നമ്മോ ടാവശ്യപ്പെടുന്നതും. ദൈവത്തിന്റെ ഏകജാതനും നമ്മുടെ കർത്താ വുമായ ഈശോമിശിഹാ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യ കാമറിയത്തിൽ നിന്നും പിറന്നു എന്ന വിശ്വാസ സത്യത്തെയാണ് മംഗളവാർത്തക്കാലം നമ്മുടെ പരിചിന്തനത്തിനായി നൽകുന്നത്.

അതിനാൽ ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ അർത്ഥ തലങ്ങൾ കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കുവാൻ ഈ മംഗ ളവാർത്തക്കാലത്തു നമുക്കു പരിശ്രമിക്കാം.

പഴയനിയമത്തിൽ മാലാഖമാർ, ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ട ജനം ഇസ്രായേൽ മക്കൾ, അവരുടെ രാജാക്കന്മാർ എന്നിവ രെയൊക്കെ ദൈവമക്കൾ എന്നു വിളിക്കുന്നുണ്ട്. ദൈവവുമായുള്ള ഒരു പ്രത്യേക ബന്ധത്തെ സൂചിപ്പിക്കുവാനാണ് ഇവിടെയൊക്കെ ദൈവമക്കൾ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ദൈവ ത്തിന്റെ ഏകപുത്രൻ എന്ന് ഈശോമിശിഹായെ വിശേഷിപ്പിക്കു ന്നത് ഇതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരർത്ഥത്തിലാണ്. താനാരാണെന്ന് അപ്പസ്തോലന്മാർ കരുതുന്നതെന്ന ഈശോയുടെ ചോദ്യത്തിന് പത്രോസ് ശ്ലീഹാ നൽകുന്ന മറുപടി ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആണ്" (മത്താ. 16:17). ഇവിടെ ഈശോയുടെ പ്രതികര ണവും തന്റെ മാത്രമായ ദൈവപുത്രസ്ഥാനത്തിന്റെ അനന്യത വ്യക്തമാക്കുന്നുണ്ട്. "മാംസമോ രക്തമോ അല്ല പ്രത്യുത, സ്വർഗ്ഗ സ്ഥനായ എന്റെ പിതാവാണ് നിനക്ക് അതു വെളിപ്പെടുത്തിത്ത ന്നത്" . ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതാണ് തന്റെ ദൈവ പുത്രസ്ഥാനം എന്ന് ഈശോ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. നീ ദൈവപുത്രനാണോ എന്ന് ചോദിക്കുന്ന ജനപ്രമാണികളോട് "ആകുന്നു എന്നു നിങ്ങൾ പറയുന്നുവല്ലോ" എന്നാണ് ഈശോ ഉത്തരം പറയുന്നത് (ലൂക്ക 22:70) ഉപമകളിലും ശിഷ്യരുമായുള്ള സംഭാഷണത്തിലുമെല്ലാം ഈശോ ദൈവപുത്രനാണ് എന്ന കാര്യം വളരെ പ്രകടമായി നമുക്കു കണ്ടെത്തുവാൻ സാധിക്കും.

ഈശോയുടെ മാമ്മോദീസയുടെ അവസരത്തിലും താബോറിലെ രൂപാന്തരീകരണവേളയിലും ഈശോ ദൈവപുത്രനാണ് എന്നതിന് ദൈവപിതാവിന്റെ സാക്ഷ്യം നമുക്കു ലഭിക്കുന്നുണ്ട്. രക്ഷ പ്രാപി ക്കണമെങ്കിൽ ദൈവത്തിന്റെ ഏകപുത്രനായ ഈശോമിശിഹായിൽ നാം വിശ്വസിക്കണമെന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ സന്ദർശിച്ച നിക്കദേമോസിനോട് ഈശോ തന്നെ പറയു ന്നുണ്ടല്ലോ (യോഹ 3.18). "സത്യമായും ഈ മനുഷ്യൻ ദൈവപു ത്രനായിരുന്നു" (മർക്കോ 15:39) എന്ന് ഈശോയുടെ കുരിശിൻ ചുവട്ടിൽ ശതാധിപൻ നടത്തുന്ന പ്രഖ്യാപനവും ദൈവത്തിന്റെ ഏകജാതനാണ് നാം വിശ്വാസപൂർവ്വം ഏറ്റുപറയുന്ന ഈശോമി ശിഹാ എന്നത് നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവത്തിന്റെ ഏക

ജാതനും (1 യോഹ. 4:9) പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളും ആയ ഈശോമിശിഹായിൽ അപ്പസ്തോലന്മാർ പിതാവിന്റെ ഏകജാതന്റെ മഹത്വം (യോഹ, 1:14) ദർശിക്കുകയും അതു നമ്മോടു പ്രഘോഷിക്കുകയും ചെയ്തു.

കർത്താവ് എന്ന പദം പഴയനിയമത്തിൽ യഹോവയായ ദൈവത്തെ വിശേഷിപ്പിക്കുന്നതിനാണ് ഉപയോഗിച്ചിരുന്നത്. തന്റെ പരസ്യ ജീവിതകാലത്ത് പ്രകൃതി, പിശാച്, പാപം, മരണം എന്നിവയുടെമേൽ തനിക്കുള്ള ദൈവികമായ അധികാരം സ്ഥാപിച്ചുകൊണ്ട് താൻ കർത്താവാണെന്ന് ഈശോ പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട്. അതിനു പുറമേ താൻ കർത്താവാണെന്ന് ഈശോ ശിഷ്യരോടു വ്യക്തമായി പറയുകയും ചെയ്യുന്നു (യോഹ 13:13). പരിശുദ്ധാത്മാവിനാൽ പ്രചോദിതയായി എലിസബത്ത് പരിശുദ്ധ മറിയത്തെ "എന്റെ കർത്താവിന്റെ അമ്മ" എന്നു സംബോധന ചെയ്യുന്നു (ലൂക്ക 1:43). ഈശോയുടെ ജനനം ഇടയന്മാരോട് വിളംബരം ചെയ്യുന്ന മാലാഖ പറയുന്നത് "കർത്താവായ ക്രിസ്തു (ലൂക്കാ 2:11) ജനിച്ചിരിക്കുന്നു" എന്നാണ്. ഉത്ഥിതനായ കർത്താവിനെ ദർശിച്ച നമ്മുടെ പിതാവായ തോമ്മാശ്ളീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന അഭിസംബോധന സഭയുടെ വിശ്വാസത്തിന്റെയും ആരാധനയുടെയും അടിസ്ഥാന ശിലകളിലൊന്നാണല്ലൊ.

ലോകത്തിന്റെയും ചരിത്രത്തിന്റെയും കർത്താവായി ഈശോയെ അപ്പസ്തോലപ്രവർത്തനങ്ങളിലും ലേഖനങ്ങളിലും വെളിപാടു പുസ്തകത്തിലും നമുക്കു പല പ്രാവശ്യം ദർശിക്കാനാവും. കർത്താവും ദൈവവുമായി ഈശോയെ ഏറ്റു പറയുമ്പോഴാണല്ലൊ നാം രക്ഷയിലേക്കു പ്രവേശിക്കുക. ഗുരുവും കർത്താവുമായ ഈശോമിശിഹായെ മാനവചരിത്രത്തിന്റെ താക്കോലും കേന്ദ്രബിന്ദുവും അന്ത്യവും ആയി സഭ ദർശിക്കണമെന്ന് "സഭ ആധുനിക ലോകത്തിൽ" എന്ന പ്രമാണ രേഖയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മോടാവശ്യപ്പെടുന്നു (GS10). വെളിപാടു പുസ്തകത്തിന്റെ അവസാനത്തിൽ നാം കാണുന്ന മാറാനാഥാ (കർത്താവേ വരേണമേ) എന്ന പ്രാർത്ഥനയിൽ ഹൃദയപൂർവ്വം പങ്കുചേരുമ്പോൾ നാം ഈശോമിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുകയാണ് ചെയ്യുന്നത്.

'പരി. മറിയം പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചു' എന്ന വിശ്വാസ പ്രഖ്യാപനവും ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യ

ത്തിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നതു പോലെ ആദിയിൽ തന്നെ ദൈവത്തോടു കൂടിയായിരുന്ന ദൈവംതന്നെയായ വചനം, സമയത്തിന്റെ പൂർണ്ണതയിൽ മാംസം ധരിച്ച് ഭൂമിയിൽ അവതരിച്ചു. പുരുഷനെ അറിയാത്ത കന്യകയായ മറിയത്തിന്റെ ഉദരത്തിൽ ദൈവവചനം മാംസം ധരിക്കുമെന്ന് അവളെ അറിയിച്ച മാലാഖ അത് എപ്രകാരമാണു സംഭവിക്കുക എന്ന് മറിയത്തോടു പറയുന്നുണ്ടല്ലോ. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും" (ലൂക്ക 1:35) അതിനാൽ പുരുഷ സംസർഗ്ഗമില്ലാതെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിത്യനായ ദൈവപുത്രൻ പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിൽ വന്നുപിറന്നു എന്ന് നാം മനസ്സിലാക്കുന്നു. വചനമാകുന്ന ദൈവിക ആളിൽ ദൈവ പ്രകൃതിയും മനുഷ്യ പ്രകൃതിയും തമ്മിൽ നടന്ന അത്ഭുതകരമായ സംയോജനത്തിന്റെ രഹസ്യത്തെയാണ് സഭ മനുഷ്യാവതാരം എന്നു വിളിക്കുന്നത്.

പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും ജനിച്ച ദൈവസുതൻ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യബുദ്ധിക്കു പൂർണ്ണമായി ഉൾക്കൊള്ളാൻ സാധിക്കാത്ത ഒരു രഹസ്യമാണ് ദൈവപുത്രന്റെ മനുഷ്യാവതാരം. മനുഷ്യാവതാരത്തെക്കുറിച്ചുള്ള വ്യക്തത നമുക്കു നൽകുന്നത് സഭയുടെ പ്രബോധനങ്ങളാണ്. ഈ പ്രബോധനങ്ങളനുസരിച്ച് സൃഷ്ടിക്കപ്പെടാത്തവനും പിതാവിനോടുകൂടെ ഏകസത്തയുമായ ദൈവ പുത്രനായ ഈശോ തന്റെ ദൈവസ്വഭാവത്തിനു ഭംഗം വരാതെ സത്യമനുഷ്യനായി, നമ്മുടെ സഹോദരനായി, നമ്മുടെ കർത്താവായി മറിയത്തിൽ നിന്നു ജനിച്ചു. ദൈവത്വത്തിൽ യുഗങ്ങൾക്കു മുൻപേ തന്നെ അവിടുന്നു പിതാവിൽ നിന്നു ജനിച്ചു. നമുക്കു വേണ്ടിയും നമ്മുടെ രക്ഷക്കു വേണ്ടിയും മനുഷ്യത്വത്തിൽ ദൈവ മാതാവായ പരിശുദ്ധ കന്യകാമറിയത്തിൽ നിന്നു ഭൂജാതനായി.

ഈശോയുടെ മനുഷ്യാവതാരത്തെപ്പറ്റി "സഭ ആധുനിക ലോകത്തിൽ" എന്ന പ്രമാണ രേഖയിൽ നാം ഇപ്രകാരം വായിക്കുന്നു. "അവിടുത്തെ മനുഷ്യാവതാരത്തിൽ ദൈവസുതൻ ഒരു തരത്തിൽ എല്ലാ മനുഷ്യരോടും സ്വയം ഐക്യപ്പെടുത്തിയിരിക്കുന്നു. അവിടുന്നു മാനുഷിക കരങ്ങൾ കൊണ്ടു പണിയെടുക്കുകയും മാനുഷിക ബുദ്ധികൊണ്ടു ചിന്തിക്കുകയും മാനുഷിക മനസ്സുകൊണ്ടു പ്രവർത്തിക്കുകയും മാനുഷിക ഹൃദയം കൊണ്ടു സ്നേഹിക്കുകയും

ചെയ്തു. കന്യകാമറിയത്തിൽ നിന്നു ജനിച്ച് അവിടുന്ന് നമ്മിലൊരുവനെപ്പോലെ ആയിത്തീർന്നു. പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെയായി (GS 22).

ഈശോയുടെ മനുഷ്യാവതാരത്തോടു ചേർന്നുപോകുന്ന വിശ്വാസരഹസ്യങ്ങളാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവവും അവളുടെ ദൈവമാതൃത്വവും. ദൈവീക പ്രവർത്തനം മൂലം പരിശുദ്ധ മറിയത്തിനു തന്റെ കന്യാത്വം സംരക്ഷിക്കാൻ സാധിച്ചതിനാൽ ഈശോയുടെ കന്യാജനനം സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. മറിയം പുത്രനെ ഗർഭം ധരിച്ചപ്പോഴും പ്രസവിച്ചപ്പോഴും കന്യാത്വത്തിനു ഭംഗം വന്നില്ല. അതുകൊണ്ടാണ് "അവൾ ഗർഭിണിയായ കന്യകയാണ്, മാതാവായ കന്യകയാണ്, നിത്യകന്യകയാണ്" എന്ന് വി. ആഗസ്തീനോസ് പറയുന്നത്.

ദൈവകുമാരനു മാതാവാകുവാൻ ദൈവം ആദിയിലെ തിരഞ്ഞെടുത്ത പരിശുദ്ധ കന്യകാമറിയം ഈ ദൗത്യപൂർത്തീകരണത്തിനായി പാപക്കറയില്ലാതെ ജനിച്ചു. മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകളെ മുൻകൂട്ടി കണ്ടുകൊണ്ട് സർവ്വശക്തനായ ദൈവത്തിന്റെ കൃപയാലും പ്രത്യേകമായ അനുഗ്രഹത്താലും ഏറ്റം വാഴ്ത്തപ്പെട്ട പരിശുദ്ധ കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ തന്നെ ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും പരിപൂർണ്ണമായി സംരക്ഷിക്കപ്പെട്ടിരുന്നു എന്നാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചുകൊണ്ട് 9-ാം പീയൂസ് മാർപ്പാപ്പാ പറഞ്ഞത്. ദൈവകൃപ നിറഞ്ഞവളായ മറിയം ദൈവതിരുമനസ്സിനുള്ള സമ്പൂർണ്ണ സമർപ്പണം വഴി ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നുകൂടി വിമുക്തയായി നിലകൊണ്ടു എന്നും സഭ നമ്മെ പഠിപ്പിക്കുന്നു.

ഈശോയുടെ മനുഷ്യാവതാരം മറിയത്തെ ദൈവമാതാവാക്കി. യഥാർത്ഥത്തിൽ ആര് പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിന്റെ മകനായിത്തീർന്നോ അവൻ തന്നെയാണ് പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രൻ. അവൻ ദൈവമായതിനാൽ പരിശുദ്ധകന്യകാമറിയത്തെ സഭ ദൈവമാതാവ് എന്ന് അഭിസംബോധനചെയ്യുന്നു. തന്റെ ഏകജാതന്റെ മാതൃത്വം വഴി അവനാൽ രക്ഷിക്കപ്പെട്ട ഏവരുടെയും മാതാവായി അവൾ മാറി. അവനിൽ ജീവിക്കുന്ന എല്ലാവരുടെയും യഥാർത്ഥ അമ്മയായ മറിയം മാതൃസ്നേഹത്തോടെ അവരുടെ ക്രിസ്തീയ ജനത്തിലും

രൂപീകരണത്തിലും സഹകരിക്കുന്നു. ഇതുവഴി കന്യകയും മാതാവുമായ മറിയം സഭയുടെ പ്രതിരൂപവും പരിപൂർണ്ണ സാക്ഷാത്കാരവുമാണ്.

പ്രിയ ദൈവജനമേ, ഈ വിശ്വാസ വർഷത്തിൽ നാം ആചരിക്കുന്ന മംഗളവാർത്താക്കാലം ഈശോയുടെ മനുഷ്യാവതാരത്തിന്റെ അർത്ഥതലങ്ങൾ കൂടുതൽ ആഴത്തിൽ അടുത്തറിയാനും ഈ മഹാസംഭവത്തോടു ചേർന്നുനിൽക്കുന്ന വിശ്വാസ സത്യങ്ങൾ ബോദ്ധ്യങ്ങളോടെ ഉൾക്കൊള്ളാനും പ്രഘോഷിക്കാനും നമ്മെ സഹായിക്കട്ടെ. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ഉൾപ്പെടെയുള്ള സഭയുടെ പ്രബോധനങ്ങളും ഈ വിശ്വാസരഹസ്യങ്ങളുടെ ഉള്ളിലേയ്ക്ക് വിനയപൂർവ്വം കടന്നുചെല്ലാനും നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളെ വിശ്വാസത്തിന്റെ അനുഭവമാക്കി മാറ്റാനും നമ്മെ സഹായിക്കട്ടെ. പരിശുദ്ധ കന്യകയോടുചേർന്ന് ഈ ദൈവികരഹസ്യങ്ങളെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ട് നമ്മുടെ ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങളിൽ വചനത്തിനു മാംസം നൽകാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

ആഗതമാകുന്ന ക്രിസ്മസിന്റെ എല്ലാ മംഗളങ്ങളും നിങ്ങൾക്കേവർക്കും ആശംസിച്ചുകൊണ്ട്, പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാകേന്ദ്രത്തിൽ നിന്നും 2012 നവംബർ 22-ാം തീയതി

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

*N.B. : ഈ ഇടയലേഖനം 2012 ഡിസംബർ 2-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.*

# ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ട്

2012 നവംബർ 9 വെള്ളിയാഴ്ച ചേർന്ന ശതാബ്ദി സ്മാരക വിദ്യാഭ്യാസ വായ്പാ പദ്ധതി നിർവാഹക സമിതി കൈക്കൊണ്ട തീരുമാനങ്ങൾ

1. പഠിക്കാൻ സമർത്ഥരായ, സാമ്പത്തികശേഷി കുറഞ്ഞ സമൂഹാംഗങ്ങൾക്കായി രൂപപ്പെടുത്തിയ ഒരു പദ്ധതിയാണിത്. അതുകൊണ്ട് സാധിക്കുന്നിടത്തോളം പഠിക്കുന്ന കോഴ്സിനുള്ള യോഗ്യതാപരീക്ഷ, ആദ്യ തവണ വിജയിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ.
2. കഴിഞ്ഞ വർഷം വിദ്യാഭ്യാസ വായ്പ ലഭിച്ചവർക്ക്, ഈ വർഷവും ലഭിക്കുന്നതിന് താഴെ പറയുന്നവ ഓഫീസിൽ എത്തിക്കണം. (ഏല്പിച്ചിട്ടുള്ളവർ വീണ്ടും ഏല്പിക്കേണ്ടതില്ല)
   (A) കഴിഞ്ഞ പ്രാവശ്യം കൈപ്പറ്റിയ വായ്പയുടെ ഒപ്പുവെച്ച എഗ്രിമെന്റ്. (B) പഠിക്കുന്ന സ്ഥാപനത്തിൽ നിന്നു ലഭിച്ച പ്രോഗ്രസ് റിപ്പോർട്ടിന്റെ പകർപ്പ്. (C) പാരീഷ് കൗൺസിലിന്റെ ശുപാർശ കത്ത്. 2012 ഡിസംബർ 14 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 4 മണി വരെയും, 18-12-2012 ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ 4 മണിവരെയും കോട്ടയം അതിരൂപത മെത്രാസന മന്ദിരത്തിലെ CEFAK ഓഫീസിൽ നിന്ന്, വായ്പ്പതുകയ്ക്കുള്ള എഗ്രിമെന്റ് (കഴിഞ്ഞ വർഷം ലഭിച്ചവരുൾപ്പെടെ എല്ലാവരും 100 രൂപ മുദ്രപേപ്പറിൽ സാക്ഷികളുൾപ്പെടെ ഒപ്പിട്ട എഗ്രിമെന്റ്) നൽകി, വായ്പ സ്വീകരിക്കാവുന്നതാണ്. എഗ്രിമെന്റ് ഫോം വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇക്കാര്യം അപേക്ഷകരെ അറിയിക്കുന്നതിന് ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
3. കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ പദ്ധതി അംഗങ്ങളുടെ സ്വഭാവവും പഠന നിലവാരവും ഉൾക്കൊള്ളുന്ന, കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭിക്കുന്നതിനായി, അവർ പഠിക്കുന്ന സ്ഥാപനങ്ങളിലേക്ക് കത്തുകളയച്ചു 63% കത്തുകൾക്കും മറുപടി ലഭിച്ചു. ഇതിൽ പരീക്ഷകളിൽ നല്ല മാർക്കോടെ വിജയിച്ചവരും, ശരാശരിക്കാരും, പൂർണമായി ജയിക്കാൻ സാധിക്കാത്തവരും, കോഴ്സ് പൂർത്തിയാക്കാതെ നിർത്തിയവരും ഉൾപ്പെടും. പൊതുവെ, പകുതിയിലധികവും നാം

പ്രതീക്ഷിക്കുന്ന നിലവാരത്തിലേക്കെത്തുവാൻ ബഹുദൂരം യാത്ര ചെയ്യണം. അതിനാൽ പഠന നിലവാരം കുറഞ്ഞവർക്കും, പരീക്ഷയിൽ വിഷയങ്ങൾ ലഭിക്കാനുള്ളവർക്കും, പഠനവൈകല്യമുള്ളവർക്കും, പദ്ധതി അംഗങ്ങൾക്കായി നടത്തുന്ന ഏകദിന സെമിനാറിൽ കൗൺസിലിംഗ് ടീമിന്റെ സഹായം ലഭ്യമാക്കുന്നതാണ്.

4. ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകളിലെ പുതിയ കോഴ്സുകളെക്കുറിച്ചും, ജോലി സാദ്ധ്യതകളെക്കുറിച്ചും വിശദമായി അന്വേഷിച്ച് ഉറപ്പുവരുത്തിയിട്ടുവേണം, ഇടവകയിൽ നിന്നും കുട്ടികളെ തെരഞ്ഞെടുക്കേണ്ടത്.
5. പദ്ധതി അംഗങ്ങളുമായി ഇ-മെയിലിലൂടെ സന്ദേശങ്ങൾ കൈമാറുന്നതിനും, ഇന്റർനെറ്റ് മാദ്ധ്യമം വഴി അറിയിപ്പുകളും, അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനും ശ്രമിക്കണം. (C.E.F.A.K. ന്റെ ഇ-മെയിൽ (cefak2011@gmail.com) വെബ് സൈറ്റ് (www.cefakottayam.webnode.com)]
6. 2012 ഡിസംബർ 26-ാം തീയതി, ബുധനാഴ്ച രാവിലെ 10 മണിക്ക് തെള്ളകത്തുള്ള ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് പദ്ധതി അംഗങ്ങൾക്കായി പ്രഥമ സെമിനാർ നടത്തുന്നതാണ്. ഈ ഏകദിന സെമിനാറിൽ പങ്കെടുക്കുന്നവർ ആ വിവരം ഇ-മെയിലിലൂടെയോ, (cefak2011@gmail.com) കത്തുകളിലൂടെയോ അറിയിക്കണം.
7. ഈ വർഷത്തേക്കുള്ള അപേക്ഷകരിൽ പലരും ഡോക്കുമെന്റ്സ് മുഴുവൻ സമർപ്പിച്ചിട്ടില്ല, ശേഷിക്കുന്ന ഡോക്കുമെന്റ്സ് സമർപ്പിച്ചാൽ മാത്രമേ അവർക്കു വായ്പ നല്കുകയുള്ളു.
8. ആ ഇടവകയിൽ നിന്നും ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകളും, അവർ സമർപ്പിക്കേണ്ട രേഖകൾ ഏതെന്നും ഇതോടൊപ്പമുള്ള ഷീറ്റിൽ കൊടുത്തിട്ടുണ്ട്.
9. ഈ വർഷത്തേക്ക് തെരഞ്ഞെടുത്ത പുതിയ അംഗങ്ങളുടെയും, കഴിഞ്ഞ വർഷത്തെ അംഗങ്ങളിൽ ഈ വർഷവും തുടരുന്നവരുടെയും, ഹാജരാക്കേണ്ട ഡോക്കുമെന്റിന്റെ ലിസ്റ്റ് വെബ് സൈറ്റിലൂടെ പരസ്യപ്പെടുത്തിയിട്ടുണ്ട്. (www.cefakottayam.webnode.com)

സ്നേഹപൂർവ്വം

ഫാ. ജയിംസ് പുതൃക്കയിൽ
CEFAK സെക്രട്ടറി

# വാർത്തകൾ

## വിശ്വാസം യുക്തിക്കെതിരല്ല : മാർപാപ്പ

ക്രൈസ്തവ വിശ്വാസം യുക്തിഭദ്രമാണെന്നും അതൊരിക്കലും ശാസ്ത്രത്തെ എതിർക്കുന്നതല്ലെന്നും മാർപ്പാപ്പ. ബുധനാഴ്ചകളിലെ പൊതുജനങ്ങൾക്കു വേണ്ടിയുള്ള പ്രസംഗത്തിലാണ് വിശ്വാസവും ശാസ്ത്രവും പരസ്പരപൂരകങ്ങളാണെന്നുള്ള സന്ദേശം പാപ്പാ നൽകിയത്.

കത്തോലിക്കാവിശ്വാസം യുക്തിഭദ്രമാണ്. അത് മനുഷ്യന്റെ യുക്തിയെ പരിപോഷിപ്പിക്കുന്നതാണ്. ക്രിസ്തുവിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ചറിയണമെങ്കിൽ നമ്മുടെ മനസും ശരീരവും അവനിലേയ്ക്ക് തുറന്നു വയ്ക്കണം.

മനസിലാക്കുകയും മനസിലാക്കിയവ വിശ്വസിക്കുകയും ചെയ്യുന്നത് ശാസ്ത്രത്തിലും വിശ്വാസത്തിലുമുള്ള ഫലങ്ങളാണ്. ശാസ്ത്രം നമ്മെ കൊണ്ടെത്തിക്കുന്നത് മനുഷ്യനെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചുമുള്ള തിരിച്ചറിവുകളിലാണ്. ഇതുതന്നെയാണ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. അതുകൊണ്ടുതന്നെ സൃഷ്ടികളായ ഭൂമിയേയും ഉപഗ്രഹങ്ങളേയും കുറിച്ച് പഠിക്കാൻ എപ്പോഴും മനുഷ്യൻ ഉത്സുകനാണ്. എന്നാൽ വിശ്വാസം വഴി ദൈവത്തെ അടുത്തറിയാൻ കഴിയുന്നു. വിശ്വാസം ജീവിതത്തിന് പുതിയ കാഴ്ചപ്പാട് നൽകുന്നു. അതാണ് ഈ ഭൂമിയിൽ ആയിരിക്കുന്നതിന്റെ സന്തോഷം. വിശ്വാസത്തിലടിയുറച്ച് ദൈവത്തിലേയ്ക്ക് തിരിയുമ്പോൾ വ്യക്തികൾക്കും പ്രസ്താവനകൾക്കും അപ്പുറത്തുള്ള യഥാർത്ഥ സത്യം മനസുനിറയെ കാണാൻ കഴിയുമെന്നും മാർപാപ്പ പറഞ്ഞു.

## വാർദ്ധക്യം എത്ര സുന്ദരം : മാർപാപ്പ

വാർദ്ധക്യം സുന്ദരമാണെന്നും അത് അനുഗ്രഹപ്രദമാണെന്നും മാർപ്പാപ്പ. വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകളുണ്ടെങ്കിലും 85-ാം വയസ്സിലും താൻ സന്തുഷ്ടനാണെന്ന് സാന്റ് എജിഡിയോ നടത്തുന്ന വൃദ്ധമന്ദിരത്തിലെ സന്ദർശനത്തിനിടെ മാർപാപ്പ പറഞ്ഞു. തന്റെ ജീവിതത്തെയും തനിക്കുള്ള സന്തോഷത്തെയും എടുത്തുപറഞ്ഞുകൊണ്ടാണ് വൃദ്ധമന്ദിരത്തിലെ അന്തേവാസികൾക്കൊപ്പം മാർപാപ്പ സമയം ചെലവഴിച്ചത്. ഇത്രകാലം ജീവിക്കാൻ കഴിയുകയെന്നത് ഭാഗ്യമാണ്. അതുകൊണ്ട് വൃദ്ധജനങ്ങളെ മാനിക്കണം. മാധ്യമങ്ങളെ കാണുന്നതിനുമുമ്പ്

അപ്പാർട്ട്മെന്റിലെ പല നിലകളിലെ ഓരോ മുറികളിലും കയറിയിറങ്ങി അന്വേഷണം ചോദിക്കാനും കുശലം പറയാനും മാർപാപ്പ മറന്നില്ല. വൃദ്ധ ജനങ്ങളെ സന്ദർശിച്ചതിനുശേഷം മാർപാപ്പ ഇങ്ങനെ പറഞ്ഞു, വൃദ്ധജ നങ്ങൾക്കായി ധാരാളം സദനങ്ങൾ രാജ്യമെമ്പാടും ഉണ്ടെങ്കിലും അവരെ സ്വന്തം ഭവനത്തിൽ സംരക്ഷിക്കുകയാണ് വേണ്ടത്. വൃദ്ധർ ഭവനത്തിന്റെ വിളക്കാണ്. അവർക്ക് കഴിഞ്ഞ തലമുറകൾവഴി ലഭിച്ച ജ്ഞാനം പുതിയ തലമുറകൾക്ക് പകർന്നു നൽകാൻ കഴിയും. സമൂഹത്തിന്റെയോ കുടും ബത്തിന്റെയോ സംസ്കാരം അറിയണമെങ്കിൽ തങ്ങളുടെ മാതാപിതാ ക്കളേയും പ്രായം ചെന്നവരേയും എപ്രകാരം സംരക്ഷിക്കുന്നു, മാനി ക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണെന്നും മാർപാപ്പ ഓർമിപ്പിച്ചു.

## വൈദികർ ഏത് വെല്ലുവിളികളെയും ഉത്തരവാദിത്തത്തോടെ നേരിടണം : കർദിനാൾ മാർ ജോർജ് ആലഞ്ചേരി

വിശ്വാസജീവിതത്തിലെ വെല്ലുവിളികൾക്കിടയിൽ കൂടുതൽ ഉത്തര വാദിത്തത്തോടെ പ്രവർത്തിക്കാൻ വൈദികർക്കു കടമയുണ്ടെന്ന് മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സീറോ മലബാർ സഭ ക്ലർജി കമ്മീഷൻ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടി പ്പിച്ച ജൂബിലേറിയൻസ് മീറ്റ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായി രുന്നു അദ്ദേഹം.

വെല്ലുവിളികൾക്കിടയിലും കടമകൾ സമഗ്രമായി നിറവേറ്റുമ്പോഴാണ് പൗരോഹിത്യജീവിതം പ്രകാശമാനമാവുന്നത്. ക്രിസ്തുവിനും സഭയ്ക്കു മായി ഇനിയും ഏറെക്കാര്യങ്ങൾ ചെയ്യാനുണ്ടെന്ന ബോധ്യമാവണം വൈദികരെ നയിക്കേണ്ടത്. ദൈവജനത്തിനു യോജിച്ച ശുശ്രൂഷ ചെയ്യു മ്പോൾ വൈദികജീവിതം കൂടുതൽ ധന്യമാകും. അദ്ദേഹം പറഞ്ഞു.

വിശുദ്ധിയിലേയ്ക്കുള്ള യാത്രയിൽ വൈദികർക്കു ഊർജ്ജം പകരു ന്നതാണ് ജൂബിലി ആഘോഷങ്ങൾ. ജൂബിലിയുടെ നിറവിലെത്തിയ വൈദികർ പുതുതലമുറയിലെ വൈദികർക്കു പ്രചോദനമായി മാറണം.

പ്രാർത്ഥനകൾക്കും സുകൃതജീവിതത്തിനും കൂടുതൽ പ്രാധാന്യം നൽകണം. ദൈവവുമായി സത്യത്തിലധിഷ്ഠിതമായ സംവാദമാവണം നമ്മുടെ പ്രാർത്ഥനകൾ. സീറോ മലബാർ സഭയുടെ മഹത്തായ വിശ്വാ സപാരമ്പര്യത്തിൽ വളർന്നുവന്നതിന്റെ ഫലമാണ് നമ്മുടെ ദൈവവിളി.

വിശ്വാസത്തിന്റെ കൈമാറ്റംപോലെ പൗരോഹിത്യ ജീവിതത്തിന്റെ നന്മയും ശൈലിയും ശക്തിയും പുതുതലമുറയ്ക്കു കൈമാറാൻ വൈദി കർക്കു കടമയുണ്ടെന്നും മാർ ആലഞ്ചേരി ഓർമിപ്പിച്ചു.

# Chaithanya Programme
# December 2012

| Date | Programme |
|---|---|
| 6 | KCWA working Committee |
| 6-7 | KSSS Deaf & Blind Training Programme |
| 8<br>8 | Drivers Training – Motor Vehicle Department<br>Hadyasa Club women meet |
| 9 | Temperance commission Meeting |
| 9 | Ettumanoor Parish council members meeting |
| 10-12 | Theological Professions Training |
| 14<br>15-16 | KSSS Mushroom training<br>Personality Development Training |
| 16 | Neduchira Trust Meeting |
| 18 | Bi-monthly Recollection of Priests |
| 18 | Meeting for commission representatives from Parishes |
| 19<br>19 | Legion of Mary Meeting<br>Meeting for commission representatives from Parishes |
| 20-23 | Pre-marriage course |
| 21-23 | Knanaya stars camp |
| 22 | KCWA Anniversary |
| 26 | CEFAK – One day Seminar |
| 26 | Faith year - Resource Team meeting |
| 27, 29 | Hadyasa Club Childrens camp |

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും ഉദ്ഘാടനം ഡോ. എ.പി.ജെ അബ്ദുൾ കലാം നിർവ്വഹിച്ചു

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും പങ്കാളിത്തത്തോടെ സംഘടിപ്പിച്ച 15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും ഉദ്ഘാടനം നവംബർ 25 ന് വൈകുന്നേരം 6 ന് ഇന്ത്യയുടെ അഭിമാനവും ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധനും മുൻ രാഷ്ട്രപതിയുമായ ഭാരതരത്ന ഡോ. എ.പി.ജെ അബ്ദുൾ കലാം നിർവ്വഹിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് ഉദ്ഘാടന ചടങ്ങ് ക്രമീകരിച്ചിരുന്നത്.

ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ വൈവിധ്യ സന്ദേശം പകർന്നു നൽകികൊണ്ട് ഡോ. എ.പി.ജെ അബ്ദുൾ കലാം വൃക്ഷതൈ നട്ടു. ഔഷധ ഗുണമുള്ള ഫലവൃക്ഷമായ മാതള നാരകത്തിന്റെ തൈയ്യാണ് ഡോ. കലാം നട്ടത്. തുടർന്ന് നടത്തപ്പെട്ട ഉദ്ഘാടന സമ്മേളനത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എം മാണി, ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, സുരേഷ് കുറുപ്പ് എം.എൽ.എ, മോൻസ് ജോസഫ് എം.എൽ.എ, കോട്ടയം ജില്ലാ കളക്ടർ മിനി ആന്റണി ഐ.എ.എസ്, കെ.എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ, തോമസ് ചാഴികാടൻ എക്സ് എം.എൽ.എ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

ചടങ്ങിനോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ മുന്നോടിയായി രൂപകൽപ്പന ചെയ്തിരിക്കുന്ന കർമ്മരേഖയുടെ പ്രകാശന കർമ്മവും ഡോ. കലാം നിർവ്വഹിച്ചു.

സമ്മേളനത്തിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഡോ. കലാമിന് ഉപഹാരം സമർപ്പിച്ചു. പൗരാണിക തനിമയുള്ളതും പ്രകൃതിദത്തവുമായ ഈർക്കിലി കൊണ്ട് നിർമ്മിച്ച ഉപഹാരമാണ് ഡോ. കലാമിന് സമ്മാനിച്ചത്. തുടർന്ന് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം, ഇടുക്കി,

എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ 80 പ്രവർത്തന ഗ്രാമങ്ങളിൽ നിന്നായുള്ള പ്രതിനിധികളെ അഭിസംബോധന ചെയ്ത് ഡോ. കലാം സംസാരിച്ചു. കുട്ടികൾ, വികലാംഗർ, കർഷകർ, വനിതകൾ, മത സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ അടങ്ങുന്നതായിരുന്നു സദസ്സ്.

ഉദ്ഘാടനത്തെ തുടർന്ന് നടത്തപ്പെടുന്ന പ്രതിഭാ സംഗമത്തിൽ ഡോ. കലാം കുട്ടികളുമായി സംവദിച്ചു. സംവാദത്തോടനുബന്ധിച്ച് വികലാംഗ കുട്ടികൾ തങ്ങളുടെ നൈസർഗ്ഗിക കഴിവുകൾ ഉപയോഗിച്ച് നിർമ്മിച്ച ചിത്രങ്ങളും ശില്പങ്ങളും ഡോ. കലാമിന് സമ്മാനിച്ചു.

## ചൈതന്യ കാർഷികമേളയിൽ നാളികേര സെമിനാറും കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിച്ചു

15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും രണ്ടാം ദിനമായ നവംബർ 26 -ാം തീയതി നാളികേര സെമിനാറും കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം കെ. അജിത് എം.എൽ.എ നിർവ്വഹിച്ചു. നാളികേര വികസനബോർഡ് ചെയർമാൻ ടി. കെ ജോസ് ഐ.എ.എസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി. കെ രാജു, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണൻ, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കെ.എസ്.എസ്.എസ് അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് തെങ്ങുകയറ്റ മെഷീൻ ഉപയോഗിച്ചുള്ള കോക്കനട്ട് ഒളിമ്പിക്സ് മത്സരവും നടത്തപ്പെട്ടു.

## ചൈതന്യ കാർഷികമേളപൊതുവിള പ്രദർശനമത്സര വിജയികൾ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും പങ്കാളിത്തത്തോടെ സംഘടിപ്പിച്ച 15-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് ഒരുക്കിയ പൊതുവിള പ്രദർശന മത്സരത്തിൽ മരച്ചീനിയ്ക്ക് മാർക്കോസ് സക്കറിയാസ് രാമപുരവും ചേനയ്ക്ക് ടോണി തൈപ്പൂരയിടത്തിൽ വെളിയന്നൂർ, ലൈസ തോമസ് വെളിയന്നൂർ, വിളവെത്തിയ

തേങ്ങാക്കുലയ്ക്ക് വിൽസൺ പാഴുത്തുരുത്ത്, പി.എം. ലൂക്കോസ് കുമരകം, കാച്ചിലിന് മാർക്കോസ് സക്കറിയാസ് രാമപുരം, വി.കെ ചാണ്ടി കരിങ്കുന്നം, വിളവെത്തിയ ഏത്തവാഴക്കുലയ്ക്ക് ചാക്കോ ഞീഴൂർ, വി.കെ ചാണ്ടി ഞീഴൂർ, വിളവെത്തിയ പാളയൻകോടൻ വാഴക്കുലയ്ക്ക് മാത്യു മൂർത്തിക്കൽ കല്ലറ, വി.കെ ചാണ്ടി കരിങ്കുന്നം, മത്തങ്ങയ്ക്ക് പടമുഖം, ഫിലിപ്പ് മുല്ലൂർ, പേരൂർ എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## വനിതാ ശാക്തീകരണത്തിന്റെ മാറ്റൊലിയുമായി ചൈതന്യ കാർഷികമേളയിൽ സ്ത്രീ ശാക്തീകരണ സെമിനാർ സംഘടിപ്പിച്ചു

15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും മൂന്നാം ദിനമായ നവംബർ 27 -ാം തീയതി വനിതാശാക്തീകരണത്തിന്റെ മാറ്റൊലിയുമായി സ്ത്രീ ശാക്തീകരണ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം പീരുമേട് എം.എൽ.എ ഇ.എസ് ബിജിമോൾ നിർവ്വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യാ ബാനർജി അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെസ്സി ജോയി, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ സിസ്റ്റർ ലിനറ്റ് ഡി.സി.പി.ബി, ലിസ്സി ചാക്കോ, നിമ്മി ജോസ്, സാലി മാത്യു എന്നിവർ പ്രസംഗിച്ചു.

## ചൈതന്യകാർഷിക മേളയിൽ രക്തദാനമേള സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന 15-ാമത് ചൈതന്യ കാർഷികമേളയിൽ രക്തദാനമേള സംഘടിപ്പിച്ചു. കോട്ടയം ജില്ലാ ആശുപത്രിയുമായി സഹകരിച്ചാണ് രക്തദാനമേള സംഘടിപ്പിച്ചത്. രക്തദാനത്തിന്റെ മാഹാത്മ്യം പൊതുജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ച രക്തദാനമേളയിൽ പങ്കെടുത്ത് നൂറിലധികം ആളുകൾ രക്തം ദാനം ചെയ്തു. കൂടാതെ കാർഷിക മേളയോടനുബന്ധിച്ച് ഒരുക്കിയിരിക്കുന്ന ആയുർസോണിൽ ആയുർവ്വേദം ഹോമിയോ, പാലിയേറ്റീവ് കെയർ, ദന്തൽ, നേത്രവിഭാഗം, എക്സിബിഷൻ സ്റ്റാളും, സൗജന്യ മെഡിക്കൽ പരിശോധനയും ക്രമീകരിച്ചിരുന്നു.

## ചൈതന്യകാർഷിക മേള 2012 കൃഷി– പരിസ്ഥിതി ഫോട്ടോഗ്രാഫി അവാർഡ് ഇ.വി രാഗേഷിന്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 15-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് നടത്തിയ കൃഷിപരിസ്ഥിതി ഫോട്ടോഗ്രാഫി അവാർഡിന് മാതൃഭൂമി ഫോട്ടോഗ്രാഫർ ഇ.വി രാഗേഷിനെ തെരഞ്ഞെടുത്തു. 10001 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. കർഷകതെയ്യം എന്ന തലക്കെട്ടോടുകൂടി കാർഷിക പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയ്ക്കാണ് അവാർഡ് ലഭിച്ചത്. പ്രശസ്ത തിരക്കഥാകൃത്ത് ഡെന്നീസ് ജോസഫ്, ചലച്ചിത്ര സംവിധായകൻ അബിൻ ജേക്കബ്, കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ വി.കെ രാജു എന്നിവരടങ്ങുന്ന ജഡ്ജിംഗ് പാനലാണ് വിജയിയെ തെരഞ്ഞെടുത്ത്. കൃഷി-പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മത്സരത്തിൽ അഞ്ഞൂറിൽപരം എൻട്രികളാണ് ലഭിച്ചത്. ചൈതന്യ കാർഷിക മേളയുടെ സമാപന ദിവസമായ ഡിസംബർ 2-ാം തീയതി ഞായറാഴ്ച 2.30 ന് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പുരസ്ക്കാരം സമ്മാനിച്ചു.

## 15–ാമത് ചൈതന്യ കാർഷിക മേളയ്ക്കും സ്വാശ്രയസംഘ മഹോത്സവത്തിനും ജനകീയ പരിസമാപ്തി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും പങ്കാളിത്തത്തോടെ സംഘടിപ്പിച്ച 15-ാമത് ചൈതന്യ കാർഷികമേളയ്ക്കും സ്വാശ്രയസംഘ മഹോത്സവത്തിനും ജനകീയ പരിസമാപ്തി. നവംബർ 25 മുതൽ ഡിസംബർ 2 വരെ നടത്തപ്പെട്ട കാർഷിക മേളയിൽ രണ്ട് ലക്ഷത്തിലധികം ആളുകളാണ് സന്ദർശകരായി എത്തിയത്.

ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയസംഘ മഹോത്സവത്തിന്റെയും നാലാം ദിവസമായ നവംബർ 29 ന് നടത്തപ്പെട്ട സമഗ്ര

ആരോഗ്യ ഭക്ഷ്യ സുരക്ഷാദിന പൊതുസമ്മേളനം കൃഷി വകുപ്പ് മന്ത്രി കെ. പി മോഹനൻ ഉദ്ഘാടനം ചെയ്തു. സുരേഷ് കുറുപ്പ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാ വി. നായർ, ആകാശവാണി ഡെപ്യൂട്ടി ഡയറക്ടർ ജനറൽ കെ.എ മുരളീധരൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ഇടവഴിക്കൽ, കോട്ടയം മുനിസിപ്പൽ കൗൺസിലർ സണ്ണി കല്ലൂർ, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി, ചൈതന്യ പാസ്റ്ററൽ സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിനു കാവിൽ, കോട്ടയം മുൻസിപ്പൽ കൗൺസിലർ എ.പി അനിൽകുമാർ, ജോസഫ് ചാവറ, കോട്ടയം ഡി.വൈ.എസ്.പി എം.ജെ മാത്യു, ഏറ്റുമാനൂർ എസ്.ഐ മോഹൻ ദാസ് എന്നിവർ പ്രസംഗിച്ചു. രാവിലെ നടത്തപ്പെട്ട സെമിനാറിന് പ്രൊഫ. ഷീല സ്റ്റീഫൻ നേതൃത്വം നൽകി.

കാർഷിക മഹോത്സവത്തിന്റെ അഞ്ചാം ദിവസമായ നവംബർ 30 ന് നടത്തപ്പെട്ട സർഗ്ഗ സംഗമദിന പൊതുസമ്മേളനം എക്സൈസ് വകുപ്പ് മന്ത്രി കെ ബാബു ഉദ്ഘാടനം ചെയ്തു. മോൻസ് ജോസഫ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ അനുഗ്രഹ പ്രഭാഷണം നടത്തി. നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. അമലോർപവനാഥൻ മുഖ്യപ്രഭാഷണം നടത്തി. തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, എസ്.എ.എഫ്.പി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷൽ മേലാപ്പിള്ളിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ ബാനർജി, കേരള ബധിര അസ്സോസിയേഷൻ & കോട്ടയം ജില്ല ബധിര സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ് കെ.സി ഐസക്, പാലാ ഡി.വൈ.എസ്.പി എം. രമേശ്, നബാർഡ് കോട്ടയം ജില്ലാ മാനേജർ ഷാജി സക്കറിയ, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ സിജോ തോമസ് എന്നിവർ പ്രസംഗിച്ചു,

മേളയുടെ ഏഴാം ദിവസമായ ഡിസംബർ 1 ന് നടത്തപ്പെട്ട സ്വാശ്രയ സംഗമദിന പൊതുസമ്മേളനം കേന്ദ്ര തൊഴിൽ വകുപ്പ് സഹ മന്ത്രി കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ഗവൺമെന്റ് ചീഫ് വിപ്പ് പി.സി ജോർജ് മുഖ്യ പ്രഭാഷണം നടത്തി.കെ. എസ്.എസ്.എസ് പ്രസിഡന്റ് മോൺ. മാത്യു ഇളപ്പാനിക്കൽ ആമുഖ പ്രസംഗം നടത്തി. ജോസ് കെ മാണി എം.പി, സംസ്ഥാന വനിതാ കമ്മീഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി എക്സ് എം.എൽ.എ, കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. റംലാ ബീവി, കെ. എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് ആനിമൂട്ടിൽ, ഏറ്റുമാനൂർ സി.ഐ ഷാജു ജോസ്, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ജെയിസൺ ഫിലിപ്പ് ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കേരള സോഷ്യൽ സർവ്വീസ് ഫോറം ഏർപ്പെടുത്തിയ പുരസ്ക്കാരം കൊടിക്കുന്നിൽ സുരേഷ് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ടിന് സമ്മാനിച്ചു.

കാർഷിക മഹോത്സവത്തിന്റെ സമാപന സമ്മേളനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. ആഭ്യന്തര വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിൽ ജലവിഭവ വകുപ്പ് മന്ത്രി പി.ജെ ജോസഫ് കെ. എസ്.എസ്.എസ് വികസന കർമ്മ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ആന്റോ ആന്റണി എം.പി, ജോയി അബ്രാഹം എം.പി, ഗവൺമെന്റ് ഓഫ് കേരള ചീഫ് സെക്രട്ടറി ജോസ് സിറിയക് ഐ.എ.എസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, തോമസ് ചാഴികാടൻ എക്സ് എം.എൽ.എ, ഹോർട്ടിക്കൾച്ചർ മിഷൻ ജോയിന്റ് ഡയറക്ടർ രുഗ്മിണി, ആകാശവാണി വയലും വീടും പ്രോഗ്രാം എക്സിക്യൂ

ട്ടിവ് മുരളീധരൻ തഴക്കര, കോട്ടയം ജില്ലാ പോലീസ് മേധാവി സി. രാജ ഗോപാൽ ഐ.പി.എസ്, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു.

ഐ.എസ്.ആർ.ഒ ശാസ്ത്ര പ്രദർശനങ്ങൾ, പ്ലാനറ്റോറിയം എക്സിബിഷൻ, കാർഷിക വിള പ്രദർശനങ്ങൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ പ്രദർശന സ്റ്റാളുകൾ, സ്വാശ്രയ സംഘ കലാവി രുന്നുകൾ, പൗരാണിക ഭോജനശാല, മെഡിക്കൽ എക്സിബിഷനുകളും മെഡിക്കൽ ക്യാമ്പുകളും, അമ്യൂസ്മെന്റ് പാർക്ക്, കൂൺമേള, പക്ഷിമൃ ഗാദികളുടെ പ്രദർശനവും വിപണനവും, മത സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യം, കാർഷിക മത്സര ങ്ങളായ അരിയാട്ട്, ഞാറ് നടീൽ, കറ്റ മെതിക്കൽ, ഞാറുപറിക്കൽ, മീൻ വെട്ട്, കൊയ്ത്ത് , താറാവോട്ടം, ചക്കവെട്ടിയൊരുക്കൽ എന്നിവയും പൊതുവിഭാഗത്തിൽ സംഘടിപ്പിച്ച വടംവലി, ചെണ്ടമേള മത്സരങ്ങളും ബധിര മൂക വിഭാഗത്തിലുള്ളവർക്ക് സംഘടിപ്പിച്ച ചെസ്സ് മത്സരവും കർഷകസംഗമവും, ബുൾഗാൻ വാല മത്സരവും ബഡാരാജാ ബഡീ റാണി, ഛോട്ടാ രാജാ ഛോട്ടീ റാണി മത്സരവും, കാർഷിക ഫാഷൻ ഷോ, തുടങ്ങിയ നിരവധിയായ വിഭവങ്ങൾ സന്ദർശകർക്കായി ഒരുക്കി യാണ് 15-ാമത് സ്വാശ്രയസംഘമഹോത്സവത്തിനും ചൈതന്യ കാർഷി കമേളയ്ക്കും തിരശ്ശീല വീണത്.

ഫാ. മൈക്കിൾ വെട്ടിക്കാട്ട്
സെക്രട്ടറി, കെ.എസ്.എസ്.എസ്

## തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഡിസംബർ 7 – 9 | തപസ് ധ്യാനം |
| ഡിസംബർ 9 – 15 | ഡീക്കന്മാരുടെ ധ്യാനം<br>ഫാ. ബെന്നി കന്നുവെട്ടിയേൽ |
| ഡിസംബർ 16 – 20 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |
| ഡിസംബർ 26 ബുധൻ 4 p.m. മുതൽ<br>ഡിസംബർ 28 വെള്ളി 4 p.m. വരെ ക്രിസ്റ്റീൻ ധ്യാനം | |
| മദ്ധ്യസ്ഥ പ്രാർത്ഥന | എല്ലാ ദിവസവും 10 am - 1pm |
| ജപമാല ദിനം | എല്ലാ ബുധനാഴ്ചയും 9.30 am - 2 pm |
| പ്രാർത്ഥനാ കൂട്ടായ്മ | എല്ലാ വെള്ളിയാഴ്ചയും 2 pm - 4 pm |
| ജാഗരണ രാത്രി | എല്ലാ വെള്ളിയാഴ്ചയും 7 pm - 1am |
| പഠനാനുഭവ ധ്യാനം | ശനി, ഞായർ ദിവസങ്ങളിൽ<br>(ആൺകുട്ടികൾ Std. X) |

# ബൈബിൾ കമ്മീഷൻ

### വിശ്വാസ നിറവായ് ബൈബിൾ കലോത്സവം

മോനിപ്പള്ളി : കോട്ടയം അതിരൂപതാ ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ രണ്ടു വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന അതിരൂപതാ ബൈബിൾ കലോത്സവം മോനിപ്പള്ളി തിരുഹൃദയ ദേവാലയത്തിന്റെ ആതിഥേയത്വത്തിൽ ഹോളിക്രോസ് ഹൈസ്കൂളിൽ നടത്തി. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത കലോത്സവം ഉദ്ഘാടനം ചെയ്തു. 8 ഫൊറോനകളിൽ നിന്നുള്ള പ്രതിഭകൾ മാറ്റുരച്ച കലോത്സവത്തിൽ കടുത്തുരുത്തി ഫൊറോന 249 പോയിന്റോടെ ഒന്നാം സ്ഥാനവും, കൈപ്പുഴ ഫൊറോന 238 പോയിന്റോടെ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 141 പോയിന്റുകൾ നേടിയ ചുങ്കം ഇടവക മികച്ച ഒന്നാമത്തെ ഇടവകയായും, 93 പോയിന്റ് നേടിയ നീണ്ടൂർ ഇടവക രണ്ടാമത്തെ ഇടവകയായും തെരഞ്ഞെടുക്കപ്പെട്ടു. ജൂണിയർ വിഭാഗത്തിൽ അലീഷാ കെ. ബിജു കുരുട്ടുപറമ്പിൽ (ചുങ്കം), സീനിയർ വിഭാഗത്തിൽ

അലക്സ് ചാക്കോ തടത്തിൽ (കല്ലറ പഴയപള്ളി) എന്നിവർ വ്യക്തിഗത ചാമ്പ്യന്മാരായി.

സമാപന ദിനത്തിൽ ചീങ്കല്ലേൽ പള്ളി അങ്കണത്തിൽ നിന്നും ആരംഭിച്ച വിശ്വാസ പ്രഘോഷണ റാലിയിൽ ഉഴവൂർ ഫൊറോനയിലെ 9 പള്ളികളിൽ നിന്നുമുള്ള മൂവായിരത്തോളം വരുന്ന വിശ്വാസ സമൂഹം അടുക്കും ചിട്ടയോടുംകൂടി പ്രാർത്ഥനാമന്ത്രങ്ങളുമായി അണിനിരന്നു. തിരുഹൃദയ ദേവാലയാങ്കണത്തിൽ ചേർന്ന സമാപനസമ്മേളനത്തിൽ ബൈബിൾ കമ്മീഷൻ ചെയർമാൻ ഫാ. ജോർജ് പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനവും സമ്മാനദാനവും കോട്ടയം അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിയ്ക്കൽ നിർവ്വഹിച്ചു.

ഫാ. മാത്യു ചന്ദ്രൻകുന്നേൽ വിശ്വാസവർഷസന്ദേശം നൽകി. റവ. ഡോ. തോമസ് പുതിയകുന്നേൽ, കൺവീനർ ജോസ് എം. ഇടശ്ശേരിൽ, ബൈബിൾ കലോത്സവത്തിന്റെ ജനറൽ കൺവീനർ സാബു മാത്യു കോയിത്തറ എന്നിവർ ആശംസകളർപ്പിച്ചു.

## വിശ്വാസവർഷ തീർത്ഥയാത്രകൾ

**വിശുദ്ധനാട് :** 2013 മെയ് 5ന് എമിറൈറ്റ്സ് വിമാനത്തിൽ "ഫ്രണ്ട്സ് ഓഫ് തൂവാനീസ" എന്ന പേരിൽ പുറപ്പെടുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 96 പേർക്കുമാത്രം. വിശദവിവരങ്ങൾ സർക്കുലറിലൂടെ അറിയിക്കുന്നതാണ്. താൽപര്യമുള്ള അതിരൂപതാംഗങ്ങൾ ബന്ധപ്പെടുക. ഫാ. ജോർജ് പുതുപ്പറമ്പിൽ (ഉഴവൂർ) 9447507304, ഫാ. ജിബിൽ കുഴിവേലിൽ (തൂവാനീസ) 9496461950

**യൂറോപ്പ് :** അതിരൂപത സ്ഥാപകനായ വിശുദ്ധ പത്താം പിയൂസിന്റെ നൂറാം ചരമവാർഷികത്തോടനുബന്ധിച്ച് 2013 ഒക്ടോബർ 5ന് യൂറോപ്യൻ രാജ്യങ്ങളിലൂടെയുള്ള (സ്വിസ്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ, ഇറ്റലി) തീർത്ഥയാത്ര സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക് സർക്കുലർ നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 55 പേർക്ക് മാത്രം. ഫോൺ : 9447507304.

## ബൈബിൾവായന കലണ്ടർ

കുർബ്ബാനയ്ക്കൊരുങ്ങാൻ വിശ്വാസവർഷത്തിൽ അനുദിന ബൈബിൾ വായന പുസ്തകം ബൈബിൾ കമ്മീഷൻ തയ്യാറാക്കി ഡിസംബർ 31നു മുമ്പ് എത്തിച്ചുതരുന്നു. പുസ്തകമൊന്നിന് 10 രൂപ മാത്രം. ആവശ്യമുള്ളവർ ഡിസംബർ 15നു മുമ്പ് പേരു നൽകണം.

ഫാ. ജോർജ് പുതുപ്പറമ്പിൽ (ചെയർമാൻ)

# വൊക്കേഷൻ കമ്മീഷൻ

## മാസധ്യാനം

കോട്ടയം അതിരൂപതയിലെ മൈനർ സെമിനാരി വൈദീക വിദ്യാർത്ഥികളുടെ നവംബർ മാസത്തെ മാസധ്യാനം 2012 നവംബർ 17-ാം തീയതി മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. ഫാ. സജി കൊച്ചുപറമ്പിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

## പേരന്റ്സ് ഡേ & സ്പോൺസേഴ്സ് ഡേ

വൈദീക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമവും, അവരെ സഹായിക്കുന്ന സ്പോൺസേഴ്സിന്റെ ദിനവും സംയുക്തമായി 2012 നവംബർ 10-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ 9.30 -ന് അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെയും, അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ വി. ബലിയോടെ ആരംഭിച്ചു. തുടർന്ന് പൊതുസമ്മേളനവും, സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## ഹോം ഡേ സെലിബ്രേഷൻ

കോട്ടയം അതിരൂപതയിലെ മൈനർ സെമിനാരി **'Home Day'** ആഘോഷങ്ങൾ 2012 നവംബർ 10-ാം തീയതി 6 പി.എം. നു നടത്തി. അഭി. മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, അഭ്യന്തരവകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. തോമസ് ചാഴികാടൻ, മോൺ. മാത്യു ഇളപ്പാനിക്കൽ തുടങ്ങിയവർ സംബന്ധിച്ചു. ബ്രദേഴ്സിന്റെ കലാപരിപാടികൾ ഉണ്ടായിരുന്നു.

## ജീവിത ദർശൻ സെമിനാർ

അതിരൂപതാ ദൈവവിളി കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായി ജീവിത ദർശൻ ക്ലാസ്സുകൾ നടത്തി.

കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്., ഉഴവൂർ എച്ച്.എസ്., എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ 10 ഉം 12 ഉം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഫാ. ജോസ് തേക്കുനിൽക്കുന്നതിലും, ഫാ. പ്രിൻസ് മുളകുമറ്റത്തിലും ക്ലാസ്സുകൾ എടുത്തു.

ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ

# കരിസ്മാറ്റിക് കമ്മീഷൻ

## ജപമാല ദിനം

എല്ലാ ബുധനാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ തൂവാനീസായിൽ ജപമാലദിനം നടത്തിവരുന്നു.

## ജാഗരണരാത്രി

ഉഴവൂർ ഫൊറോനായിലെ ഇടവകകൾക്കായി, ഇടവകാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വെള്ളിയാഴ്ചകളിലും 7 pm മുതൽ 1 am വരെ ജാഗരണപ്രാർത്ഥന നടത്തി.

## എല്ലാ ദിവസവും ദിവ്യകാരുണ്യാരാധന

വിശ്വാസവർഷത്തിന്റെ ആരംഭദിനം മുതൽ എല്ലാ ദിവസവും 10 am മുതൽ 1 pm വരെ തൂവാനീസായിൽ ദിവ്യകാരുണ്യാരാധന നടത്തി വരുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ വെള്ളിയാഴ്ചകളിലും 2 pm മുതൽ 4 pm വരെ മദ്ധ്യസ്ഥ പ്രാർത്ഥനാ കൂട്ടായ്മ തൂവാനീസായിൽ നടത്തപ്പെടുന്നു.

## ക്രിസ്റ്റീൻ ധ്യാനം

വെളിയന്നൂർ, മുട്ടം, കുറുപ്പന്തറ ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. ജീസസ് യൂത്ത്, എസ്. ജെ. സി. സിസ്റ്റേഴ്സ്, എസ്.വി.എം. സിസ്റ്റേഴ്സ് എന്നിവരുടെ ടീം നേതൃത്വം നൽകി.

## ഇടവക നവീകരണ ധ്യാനവും ഭവന സന്ദർശനവും

കരിപ്പാടം ഇടവകയിൽ വിശ്വാസാനുഭവ ധ്യാനം നടത്തി. ധ്യാനത്തിനൊരുക്കമായി എസ്.ജെ.സി. സിസ്റ്റേഴ്സ് എല്ലാ ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥനാ ശുശ്രൂഷ നടത്തി. കണ്ണങ്കര, പാലാ രൂപതയിലെ മണ്ണാറപ്പാറ ഇടവകയിലും തൂവാനീസാ ടീമിന്റെ നേതൃത്വത്തിൽ ഇടവക നവീകരണ ധ്യാനം നടത്തി.

## ജീസസ് യൂത്ത് കൂട്ടായ്മ

രണ്ടാം ഞായറാഴ്ചകളിൽ പതിവായി നടത്തപ്പെടുന്ന ജീസസ് യൂത്ത് കൂട്ടായ്മ നവംബർ 11 ന് നടത്തപ്പെട്ടു. എല്ലാ ശനി, ഞായർ ദിവസങ്ങളിലും തൂവാനീസായിൽ നടത്തപ്പെടുന്ന പഠനാനുഭവ ധ്യാനത്തിനും, കുറുപ്പന്തറയിൽ നടത്തപ്പെട്ട ക്രിസ്റ്റീൻ ധ്യാനത്തിനും ജീസസ് യൂത്ത് ടീം അംഗങ്ങൾ നേതൃത്വം നൽകി.

# വിൻസെന്റ് ഡീ പോൾ

## ഉഴവൂർ ഫൊറോന വാർഷികവും സെമിനാറും

ഉഴവൂർ ഫൊറോനയിൽ പ്രവർത്തിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മോനിപ്പള്ളി ഏരിയാ കൗൺസിൽ വാർഷികവും അർദ്ധദിന സെമിനാറും 2012 നവം. 25 ഞായറാഴ്ച 2. പി.എം.ന് ഉഴവൂർ ഹൈസ്കൂൾ ഹാളിൽ നടത്തപ്പെട്ടു. വിശിഷ്ടാതിഥികൾ എത്തിച്ചേർന്ന തോടെ 'വിൻസെൻഷ്യൻ ആത്മീയത' എന്ന വിഷയത്തെക്കുറിച്ച് സൊസൈറ്റിയുടെ കേരള റീജിയൻ മുൻ പ്രസിഡന്റ് ബ്ര. പി.ജെ. ജോസഫ് (പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കന്ററി സ്കൂൾ പാലാ) ക്ലാസ്സു കൾക്ക് നേതൃത്വം നൽകി. തുടർന്ന് ഏരിയാ പ്രസിഡന്റ് ബ്ര. വി.കെ. സ്റ്റീഫൻ വലിയവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷിക സമ്മേ ളനത്തിൽ കോട്ടയം സെൻട്രൽ കൗൺസിൽ പ്രതിനിധി ബ്ര. സ്റ്റീഫൻ വള്ളിത്തോട്ടം, കൂടല്ലൂർ സന്ദേശം നൽകി. സെക്രട്ടറി ബ്ര. എ.ജെ. ഫിലിപ്പ് ആനാലിപ്പാറയിൽ വാർഷിക പ്രവർത്തന റിപ്പോർട്ടും, ട്രഷറാർ ബ്ര.കെ. എം. സ്റ്റീഫൻ അഞ്ചക്കുന്നത്ത് വാർഷിക കണക്കും അവതരിപ്പിച്ചു. സെൻട്രൽ കൗൺസിലിൽ നിന്നുള്ള കാൻസർ രോഗ ചികിത്സാ ഫണ്ട് ഓസ്സാനാം വിദ്യാഭ്യാസ സ്കോളർഷിപ്പ്, നാഷണൽ കൗൺസിൽ സ്കോളർഷിപ്പ് എന്നിവ വിവിധ ഇടവക കോൺഫറൻസിൽ നിന്നുള്ള വർക്ക് വിതരണം ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റുമാർ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് നൽകി. ഒ.എൽ.എൽ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ അംഗങ്ങളായ ജൂണിയർ കോൺഫറൻസ് അംഗങ്ങൾ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രവർത്തക അംഗങ്ങൾ, സഹായകാംഗങ്ങൾ എന്നിവർ പരിപാടികളിൽ പങ്കെടുത്തു.

## വാർഷികം

അടുത്ത വർഷം മുതൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിലിന്റെ വാർഷികം ഇടവകകളിൽ വെച്ച് മാറി മാറി നടത്തുവാനും, മത്സരങ്ങളും, പൊതു സമ്മേളനവും, കോട്ടയം, മലബാർ മേഖലകളിൽ പ്രത്യേകം പ്രത്യേകം നടത്തുവാനും തീരുമാ നിച്ചു.

## കോൺഫറൻസ് ഭാരവാഹികൾക്കായി ദ്വിദിന സെമിനാർ

1-11-2012 ൽ കൂടിയ കോട്ടയം സി.സി. യോഗത്തിന്റെ തീരുമാനപ്രകാരം മലബാർ മേഖല ഒഴിച്ചുള്ള കോൺഫറൻസുകളിലെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർക്കായുള്ള ദ്വിദിന സെമിനാറിന്റെ ആദ്യ ബാച്ചിനുള്ള സെമിനാർ 2013, ജനുവരി 19,20 തീയതികളിലും രണ്ടാമത്തെ ബാച്ചിനുള്ള സെമിനാർ 2013 ഫെബ്രുവരി 16,17 തീയതികളിലും തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തപ്പെടുന്നു.

മലബാർ മേഖലയിലുള്ള കോൺഫറൻസ് ഭാരവാഹികൾക്കായുള്ള സെമിനാർ 2013 ജനുവരി 12,13 തീയതികളിൽ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തപ്പെടുന്നതാണ്.

## വാർഷിക ധ്യാനം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾക്കായുള്ള അടുത്ത വാർഷിക ധ്യാനം 2 ദിവസമായി നടത്തപ്പെടുന്നു. മലബാർ മേഖലയിലുള്ള അംഗങ്ങൾക്കായുള്ള വാർഷിക ധ്യാനം തളിപ്പറമ്പ് ദർശന ധ്യാന കേന്ദ്രത്തിൽ വെച്ച് 2013 മാർച്ച് 9, 10 തീയതികളിൽ നടത്തപ്പെടുന്നതാണ്.

മലബാർ മേഖല ഒഴിച്ചുള്ള അംഗങ്ങൾക്കായുള്ള ധ്യാനം കോതനെല്ലൂർ തൂവാനീസ ധ്യാനകേന്ദ്രത്തിൽ വെച്ച് 2013 മാർച്ച് 13 മുതൽ 15 വരെയും, മാർച്ച് 18 മുതൽ 20 വരെയും 4 ബാച്ചുകളായി നടത്തപ്പെടുന്നതാണ്.

# കെ.സി.സി.

## ചങ്ങലീരി ഫൊറോന പ്രവർത്തനോദ്ഘാടനം

കാന്തളം: ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പുതുതായി രൂപീകരിച്ച ചങ്ങലേരി ഫൊറോന കൗൺസിലിന്റെ പ്രവർത്തനോദ്ഘാടനം കാന്തളം തിരുഹൃദയ ദേവാലയാങ്കണത്തിൽ നടന്നു. പാലക്കാട് മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന ഏഴ് ഇടവകകളിലെ ക്നാനായ സഹോദരങ്ങളാണ് കാന്തളം പള്ളിയിൽ ഒത്തുചേർന്നത്. വിശുദ്ധ ബലിക്കു ശേഷം നടന്ന ക്നാനായ സമുദായത്തെക്കുറിച്ചുള്ള സെമിനാർ പ്രൊഫ. ബാബു പൂഴിക്കുന്നേൽ നയിച്ചു. ഉദ്ഘാ

ടന സമ്മേളനത്തിൽ ബാബു കദളിമറ്റം അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. ജോയി മുപ്രാപ്പള്ളി ഫൊറോനാ കൗൺസിലിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പാലക്കാട് ജില്ലയിലെ വ്യവസായ സംരംഭകനായ ജയിംസ് പന്നിവേലിയെ ആദരിച്ചു. ഫാ. സുനിൽ പാറയ്ക്കൽ ഫാ. ഷിജോ കുഴിപ്പിള്ളിൽ, ഫാ. ബൈജു അച്ചിറത്തലയ്ക്കൽ, സ്റ്റീഫൻ ജോർജ്, ഷൈജി ഓട്ടപ്പള്ളി, ചങ്ങലീരി ഫൊറോന പ്രസിഡന്റ് സാബു കരിശേരിൽ, ബിനോയ് ഇടയാടിയിൽ, ജിൽമോൻ മഠത്തിൽ, തോമസ് ചിറ്റാലക്കാട്ട്, ജോർജ് മൈലപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ 75 വയസ്സുകഴിഞ്ഞ മാതാപിതാക്കളെ ആദരിച്ചു. സമ്മേളനാനന്തരം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## ക്നാനായ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടനം ഡിസംബർ 21-ാം തീയതി ബി.സി.എം. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യും. കേന്ദ്രമന്ത്രി കെ.വി. തോമസ് കോട്ടയം മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട്, ഷെവ. ജോയി കൊടിയന്തറ, ജോസ് കെ. മാണി എം.പി. തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിക്കും

പ്രൊഫ. ബാബു പൂഴിക്കുന്നേൽ (ജന. സെക്രട്ടറി)

# കെ.സി.ഡബ്ല്യു.എ.

## ഫൊറോനാതല മത്സരങ്ങളും വാർഷികവും

## ഇടയ്ക്കാട്ട് ഫൊറോന

നവംബർ 10ന് ഇടയ്ക്കാട്ട് ഫൊറോന മത്സരങ്ങൾ സെന്റ് ആൻസ് സ്കൂളിൽ രാവിലെ 10 മണിക്ക് ചാപ്ലയിൻ ഫാ. എബ്രഹാം പറമ്പേട്ടിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഉച്ചയ്ക്ക് ശേഷം 2.30 ന് പ്രസിഡന്റ് ജെയ്സി ജേക്കബിന്റെ അദ്ധ്യക്ഷതയിൽ വാർഷികാഘോഷങ്ങൾ തുടങ്ങി. മുൻ ഫൊറോനാ ചാപ്ലയിൻ റവ. ഫാ. തോമസ് ആദോപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഭാരവാഹികൾക്ക് സ്വീകരണവും നൽകി. ഫാ. എബ്രഹാം പറമ്പേട്ട്, ഡോ. ഷൈനി സ്റ്റീഫൻ എന്നിവർ ആശംസകളർപ്പിച്ചു. ഫൊറോന പ്രസിഡന്റ് ജെയ്സി ജേക്കബ് സ്വാഗതം

ആശംസിക്കുകയും സെക്രട്ടറി സുലു റ്റോമോൻ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി പെണ്ണമ്മ ജോർജ് നന്ദി പറഞ്ഞു. മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനദാനം നടത്തി.

## ഉഴവൂർ ഫൊറോനാ വാർഷികം

18-11-2012 ൽ പുതുവേലി സെന്റ് ജോസഫ് പള്ളിയിൽ ഫൊറോനാ പ്രസിഡന്റ് ഷൈനി സിറിയക്കിന്റെ അദ്ധ്യക്ഷതയിൽ വാർഷികം നടത്തി. ഉദ്ഘാടനം റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ നിർവ്വഹിച്ചു. ഫൊറോനാ ചാപ്ലയിൻ റവ. ഫാ. സണ്ണി വേങ്ങച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫൻ, കെ.സി.സി. പ്രസിഡന്റ് ജോസ് തൊട്ടിയിൽ, ശ്രീ. സിറിയക്ക് കൊടുന്തനാംകുന്നേൽ, കുഞ്ഞുമോൾ റോയി എന്നിവർ ആശംസകളും, യൂണിറ്റ് പ്രസിഡന്റ് ബിന്ദു ചാക്കോ സ്വാഗതവും, ഫൊറോനാ സെക്രട്ടറി ലാലി സൈമൺ നന്ദിയും പറഞ്ഞു.

## കിടങ്ങൂർ ഫൊറോനാ വാർഷികം

24-11-2012 ൽ കിടങ്ങൂർ സെന്റ് മേരീസ് ഇ. എം. സ്കൂളിൽവച്ച് പ്രസിഡന്റ് മേരിക്കുട്ടി ചാക്കോയുടെ അദ്ധ്യക്ഷതയിൽ വാർഷികാഘോഷം നടത്തി. റവ. ഫാ. ജേക്കബ് വാലേൽ ഉദ്ഘാടനപ്രസംഗം നടത്തി. അന്നു തന്നെ മത്സരങ്ങൾ നടത്തി സമ്മാനദാനം നടത്തി. ഫൊറോനാ പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി ചാക്കോ സ്വാഗതവും യൂണിറ്റ് പ്രസിഡന്റ് ആനിയമ്മ റ്റോമി നന്ദിയും പറഞ്ഞു. സെക്രട്ടറി റെജി ബാറ്റൺ റിപ്പോർട്ട് അവതരിപ്പിച്ചു.

## ചുങ്കം ഫൊറോനാ

16-11-2012 ൽ ഫൊറോനാ പ്രസിഡന്റ് ശ്രീമതി അന്നമ്മ ചാക്കോയുടെ അദ്ധ്യക്ഷതയിൽ ചുങ്കം സെന്റ് മേരീസ് പള്ളിയിൽ വച്ച് വാർഷികവും മത്സരങ്ങളും നടത്തുകയുണ്ടായി. ഫൊറോന ചാപ്ലയിൻ ഫാ. ജോസഫ് ഈഴാറാത്ത് മുഖ്യപ്രഭാഷണം നടത്തി. തൊടുപുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. റ്റി. ജെ. ജോസഫ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫൻ, കെ.സി.സി. ഫൊറോനാ സെക്രട്ടറി അഡ്വ. മാത്യു തോട്ടുങ്കൽ എന്നിവർ ആശംസകളർപ്പിച്ചു. മത്സരങ്ങളിൽ സമ്മാനാർഹരായവർക്ക് രൂപതാ സെക്രട്ടറി ബീനാ രാജു സമ്മാനദാനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ത്രേസ്യാമ്മ ഫിലിപ്പ് കൃതജ്ഞത അർപ്പിച്ചു.

## കൈപ്പുഴ ഫൊറോനാ വാർഷികം

കൈപ്പുഴ ഫൊറോനയുടെ വാർഷികം പ്രസിഡന്റ് റോസിലി എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ചാമക്കാലാ പള്ളിയിൽവച്ച് കൂടുകയുണ്ടായി. ഫാ. ഏബ്രഹാം പൂവത്തുംമൂട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ ചാപ്ലയിൽ റവ. ഫാ. ലൂക്ക് പൂതൃക്കയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മത്സരങ്ങളിൽ വിജയിച്ചവർക്ക് സി. സൗമ്യ സമ്മാനങ്ങൾ വിതരണം ചെയ്തു. ചാമക്കാല യൂണിറ്റ് പ്രസിഡന്റ് ഗ്രേസി ജോസ് സ്വാഗതവും ഫൊറോന വൈസ് പ്രസിഡന്റ് ജെസ്സി ബേബി നന്ദിയും പറഞ്ഞു.

## കടുത്തുരുത്തി ഫൊറോനാ വാർഷികം

24-11-2012 ൽ ഫൊറോനാ പ്രസിഡന്റ് സിസിലി ജോയിയുടെ അദ്ധ്യക്ഷതയിൽ പിറവം ഹോളി കിംഗ്സ് കാത്തലിക്ക് പള്ളിയിൽ വച്ച് വാർഷികം നടത്തുകയുണ്ടായി. ഫൊറോനാ ചാപ്ലയിൻ ഫാ. ജേക്കബ് കുറുപ്പിനകത്ത് മുഖ്യപ്രഭാഷണം നടത്തുകയും ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഫാ. മൈക്കിൾ നെടുന്തുരുത്തി അനുഗ്രഹപ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി കുഞ്ഞുമോൾ ജോസഫ് സ്വാഗതവും ഫൊറോനാ വൈസ് പ്രസിഡന്റ് സിസിലി തോമസ് നന്ദിയും പറഞ്ഞു. മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനദാനം നടത്തി.

ബീനാ രാജു, അതിരൂപതാ സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

കോട്ടയം അതിരൂപതയിൽ ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ മാതാവിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് ഒരു സമ്മേളനം ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. ഡിസംബർ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ ആരംഭിക്കും. എല്ലാ ലീജിയൻ അംഗങ്ങളും ഇതിൽ സംബന്ധിക്കണം.

മോനി തോമസ്

# കെ.സി.വൈ.എൽ

## മൺമറഞ്ഞ യുവ സുഹൃത്തുക്കളെ ഇരവിമംഗലത്ത് വെച്ച് കെ. സി. വൈ. എൽ. അതിരൂപതാ സമിതി അനുസ്മരിച്ചു

ചുരുങ്ങിയ വർഷത്തെ പ്രവർത്തനം കൊണ്ട് അനേകരുടെ മനസ്സിൽ സ്ഥാനം പിടിച്ച ശേഷം അകാലത്തിൽ നിത്യതയിലേക്ക് പറന്നകന്ന യുവ സുഹൃത്തുക്കളെ കെ.സി.വൈ.എൽ. അതിരൂപതാ സമിതി ഇരവിമംഗലത്ത് വച്ച് അനുസ്മരിച്ചു. ഇവരെ ഓർമ്മിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കെ.സി.വൈ.എൽ. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ നവംബർ 4-ാം തീയതി ഇരവിമംഗലം പള്ളിയിൽ ദിവ്യബലിയും ഒപ്പീസും നടത്തുകയുണ്ടായി. അകാലത്തിൽ പൊലിഞ്ഞ കെ.സി.വൈ. എൽ. അംഗങ്ങളുടെ കുടുംബാംഗങ്ങളെ ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുപ്പിച്ചു.

## 43-ാം ജന്മദിനവും മൈലാഞ്ചിയിടീൽ മത്സരവും

രൂപതാ തലത്തിൽ യുവജനങ്ങൾക്കായി ആദ്യം രൂപംകൊണ്ട ക്രൈസ്തവ യുവജന സംഘടനയായ കെ.സി.വൈ.എൽ. ന്റെ 43-ാമത് ജന്മദിനാഘോഷങ്ങൾ വിപുലമായ രീതിയിൽ കോട്ടയത്തിന്റെ മനോഹാരിതയെ ലോകമെമ്പാടും എത്തിച്ച കുമരകത്തിന്റെ മണ്ണിൽ വച്ച് നടത്തപ്പെട്ടു. ഇതേതുടർന്ന് 22 കെ.സി.വൈ.എൽ. യൂണിറ്റുകൾ പങ്കെടുത്ത മൈലാഞ്ചി ഇടീൽ മത്സരവും നടത്തപ്പെട്ടു. ഇരവിമംഗലം ഒന്നാംസ്ഥാനവും എസ്.എച്ച്. മൗണ്ട്, മ്രാല എന്നീ ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ജന്മദിനാഘോഷങ്ങളുടെ ഉൽഘാടനം തോമസ് ചാഴികാടൻ എക്സ്.എം.എൽ.എ. നിർവഹിച്ചു.

നിധിൻ പുല്ലുകാടൻ (ജനറൽ സെക്രട്ടറി)

# തിരുബാലസഖ്യം

നവംബർ 3, 4, തീയതികളിൽ ചൈതന്യയിൽ വച്ച് നടത്തിയ ക്യാമ്പിൽ 124 കുട്ടികൾ പങ്കെടുത്തു.തിരുബാലസഖ്യം കലാ മത്സരങ്ങൾ എല്ലാ ഫൊറോനയിലും നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ജനുവരി ഒന്നാം തീയതിയ്ക്കു മുമ്പായി ഫൊറോനതല ലിസ്റ്റ് ഏല്പിക്കണം. അതിരൂപതാ മത്സരങ്ങൾ ജനുവരി 19-ാം തീയതി ചൈതന്യയിൽ നടത്തുന്നതാണ്.

# കെ.സി.എസ്.എൽ.

## വിദ്യാർത്ഥികളുടെ സമഗ്രപരിശീലനത്തിൽ കെ.സി.എസ്.എൽ.ന്റെ സംഭാവനകൾ സ്തുത്യർഹം : മാർ മാത്യു മൂലക്കാട്ട്

കരിങ്കുന്നം: കുട്ടികളുടെ അക്ഷരാഭ്യാസത്തോടൊപ്പം അവരുടെ ആദ്ധ്യാത്മികവും മൂല്യാധിഷ്ഠിതവുമായ വളർച്ചയിൽ സ്കൂളുകളിലെ കത്തോലിക്കാ സംഘടനയായ കെ.സി.എസ്.എൽ. നൽകുന്ന പരിശീലനങ്ങൾ ഏറെ ശ്ളാഘനീയമാണെന്ന് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് അഭിപ്രായപ്പെട്ടു. 2012 നവംബർ 9-ാം തീയതി കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് കൾച്ചറൽ സെന്ററിൽ നടന്ന കെ.സി. എസ്.എൽ. സ്റ്റേറ്റ് മെഗാ ഇവന്റ് ഃ ഫാദർ ഒണോറെ അനുസ്മരണവും കോട്ടയം അതിരൂപതാ സമ്മേളനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അഭി. പിതാവ്. കെ.സി.എസ്.എൽ. സ്ഥാപകപിതാക്കന്മാരിലൊരാളായ ഫാദർ ഒണോറെ മുന്നോട്ടുവച്ച സ്റ്റഡി സർക്കിൾ, അച്ചടക്കം, അലസത കൂടാതെയുള്ള കഠിനാധ്വാനം തുടങ്ങിയ പ്രായോഗികവും മൂല്യാധിഷ്ഠിതവുമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും എക്കാലത്തെയും വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്ക് മാർഗ്ഗരേഖകളാണെന്ന് അദ്ദേഹം പറഞ്ഞു. കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് ശ്രീ. കുര്യൻ പുതുക്കാട്ടിൽ ഫാ. ഒണോറെ അനുസ്മരണ പ്രഭാഷണം നടത്തി. കെ.സിഎസ്.എൽ. ജനറൽ ഡയറക്ടർ ഫാ. യേശുദാസ് പഴമ്പള്ളിൽ, ഇടുക്കി ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ഷീലാ സ്റ്റീഫൻ കോട്ടയം അതിരൂപതാ കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. തോമസ് ആദോപ്പിള്ളിൽ, കരിങ്കുന്നം സ്കൂൾ ലോക്കൽ മാനേജർ ഫാ. സാബു മാലിത്തുരുത്തേൽ, കെ.സി.എസ്.എൽ. അതിരൂപതാ ഡയറക്ടർ ഫാ.സജി കൊച്ചുപറമ്പിൽ, പഞ്ചായത്ത് മെമ്പർ ശ്രീ. ജിമ്മി മറ്റത്തിപ്പാറ, കരിങ്കുന്നം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസ് എം. ഇടശ്ശേരിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിന്റെ പ്രത്യേക ആതിഥേയത്വത്തിൽ കോട്ടയം അതിരൂപതാ കെ.സി.എസ്.എൽ. സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ വിവിധ സ്കൂളുകളിലെ കെ.സി.എസ്.എൽ. വിദ്യാർത്ഥി പ്രതിനിധികളും ആനിമേറ്റേഴ്സും പങ്കെടുത്തു. കെ.സി.എസ്.എൽ. സംസ്ഥാന - അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, കെ.

സി.എസ്.എൽ. സ്റ്റുഡന്റ്സ് ചെയർമാൻ ഡിയോ ചാക്കോ എന്നിവർ പൊതുസമ്മേളനത്തിന് നേതൃത്വം നൽകി.

### കോട്ടയം അതിരൂപതാ കലോത്സവം

കൈപ്പുഴ: കോട്ടയം അതിരൂപതാ കെ.സി.എസ്.എൽ. കലോത്സവം കൈപ്പുഴ സെന്റ്. ജോർജസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 2012 ഡിസംബർ 1ന് നടന്നു. കൈപ്പുഴ ഫൊറോന വികാരി റവ. ഡോ. ലൂക്ക് പൂതൃക്കയിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. ആഗോള കത്തോലിക്കാ സഭ ആചരിക്കുന്ന വിശ്വാസവർഷവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിന്മേൽ നടന്ന കലാമത്സരങ്ങളിൽ അതിരൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി ഇരുനൂറോളം കുട്ടികൾ പങ്കെടുത്തു. ഹൈസ്കൂൾ, യു.പി. സ്കൂൾ വിഭാഗങ്ങളിൽ കൈപ്പുഴ സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായപ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ പുന്നത്തുറ സെന്റ് തോമസ് ഗേൾസ് ഹൈസ്കൂളും യു.പി. വിഭാഗത്തിൽ ഉഴവൂർ സെന്റ് ജൊവാനസ് യു.പി. സ്കൂളും രണ്ടാം സ്ഥാനം കരസ്ഥമാക്കി. കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. സജി കൊച്ചുപറമ്പിൽ, പ്രസിഡന്റ് ശ്രീ.ജോസ് എം. ഇടശ്ശേരി, ഓർഗനൈസർ ശ്രീ. സോജൻ കെ. സി., ട്രഷറർ സി. വിമൽ എസ്.ജെ.സി., കെ.സി.എസ്.എൽ. എക്സിക്യൂട്ടിവ് അംഗങ്ങൾ, ആനിമേറ്റേഴ്സ് കൈപ്പുഴ സ്കൂൾ അദ്ധ്യാപകർ എന്നിവർ കലോത്സവത്തിന് നേതൃത്വം നല്കി.

ഫാ. സജി കൊച്ചുപറമ്പിൽ (ഡയറക്ടർ)

## ചെറുപുഷ്പമിഷൻലീഗ്

### മിഷൻലീഗ് സംസ്ഥാനവാർഷികം പ്രൗഢഗംഭീരമായി

കോട്ടയം : ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന വാർഷികവും കലോത്സവവും പ്രൗഢഗംഭീരമായി സമാപിച്ചു. കോട്ടയം അതിരൂപതയുടെ ആതിഥേയത്വത്തിൽ എസ്.എച്ച്. മൗണ്ട് പബ്ലിക് സ്കൂളിൽ നടന്ന വാർഷിക സമ്മേളനം മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജോസ് പുതിയാപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. മാത്യു മുളയോലിൽ, അതിരൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളിൽ, ദേശീയ ഓർഗനൈസർ സുജി പുല്ലുകാട്ട്, ബെന്നി മുത്തനാട്ട് എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയ

റക്ടർ ഫാ. ജോബി പൂച്ചൂക്കണ്ടത്തിൽ സ്വാഗതവും, ജീനാ ജിബി നന്ദിയും പറഞ്ഞു.

രാവിലെ മുതൽ 9 സ്റ്റേജുകളിലായി നടന്ന സംസ്ഥാന കലോത്സവത്തിൽ 14 രൂപതകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് കലോത്സവം ഉദ്ഘാടനം ചെയ്തു. ഫാ. കുര്യൻ തട്ടാർകുന്നേൽ, സിജിൻ ഒഴുകയിൽ, സാലസ് മുളയിങ്കൽ, ഫാ. മാത്യു പുതിയാത്ത്, ലൂക്ക് അലക്സ് എന്നിവർ പ്രസംഗിച്ചു.

ഫാ. സൈജു പുത്തൻപറമ്പിൽ, ഫാ. മാത്യു കുരിയത്തറ, ഫാ. ജോസ് കന്നുവെട്ടിയേൽ, സി. ഷൈനി എസ്.വി.എം., സി. അലക്സി എസ്.വി.എം., ജോബി എഴുമാമറ്റത്തിൽ, അജീഷ് കൊണ്ടാടുംപടവിൽ, ആൽവിൻ താഴത്തരീക്കാട്ടുംതറ, എബിൻ എടാട്ടുകുന്നേൽചാലിൽ, റോണി കോച്ചേരിൽ, സച്ചിൻ കൊച്ചുമ്യാലിൽ, അനിറ്റ് ചെറുകാട്ടുപറമ്പിൽ, അൻസു മണ്ണാത്തുമാക്കിയിൽ, ജെയിംസ് കൊച്ചുപറമ്പിൽ, ഫെബിൻ എടാട്ടുകുന്നേൽചാലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## ശാഖാ സന്ദർശനം

കൂടല്ലൂർ, എസ്.എച്ച്.മൗണ്ട്, മള്ളൂശ്ശേരി, സംക്രാന്തി എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ നവംബർ മാസത്തിൽ ശാഖാ സന്ദർശനം നടത്തി.

## കൈയ്യെഴുത്തു മാസിക മത്സരം

ഈ വർഷം അതിരൂപതാ തലത്തിൽ ഒരു കൈയ്യെഴുത്തു മാസിക മത്സരം മിഷൻലീഗ് സംഘടിപ്പിക്കുന്ന വിവരം മാർഗ്ഗരേഖയിലൂടെ അറിഞ്ഞിരിക്കുമല്ലോ. ഈ വർഷത്തെ പഠനവിഷയമായ 'വിശ്വാസ വഴിയേ വിശുദ്ധിയിലേയ്ക്ക് ' എന്നുള്ള ആശയത്തിന് മുൻഗണന നൽകി വേണം മാസിക തയ്യാറാക്കുവാൻ. മാസികയുടെ ജോലികൾ മിഷൻലീഗ് അംഗങ്ങൾ തന്നെ ചെയ്യേണ്ടതാണ്. പ്രിന്റിംഗോ, ഫോട്ടോസോ, ഫോട്ടോസ്റ്റാറ്റുകളോ മാസികയിൽ ഉപയോഗിക്കുവാൻ പാടില്ല. പൂർണ്ണമായും കൈപ്പടയിൽ വരച്ചതും എഴുതിയതും ആയിരിക്കണം മാസിക. മികച്ച മാസികകൾക്ക് അതിരൂപതാതലത്തിൽ സമ്മാനങ്ങൾ നൽകുന്നതായിരിക്കും. സമ്മാനങ്ങൾക്കായി പരിഗണിക്കേണ്ട മാസികകൾ 2012 ഡിസംബർ 31-ന് മുമ്പായി അതി

രൂപതാ ഡയറക്ടർ ജോബിയച്ചനെയോ, സിസ്റ്റർ ഷൈനി എസ്.വി.എം.നെയോ, സാലസ് ചാക്കോയേയോ ഏൽപ്പിക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന ശാഖകൾക്ക് വാർഷിക റിപ്പോർട്ടിൽ പ്രത്യേക പോയിന്റുകൾ നൽകുന്നതായിരിക്കും.

## "എഫ്ഫാത്ത" - ഉപന്യാസ മത്സരം

വിശ്വാസവർഷത്തിന്റെ ഭാഗമായി ശാഖ-മേഖല വൈസ് ഡയറക്ടേഴ്സിനു വേണ്ടി അതിരൂപത തലത്തിൽ ഒരു ഉപന്യാസ മത്സരം നടത്തുന്നു. വിശ്വാസവഴിയേ വിശുദ്ധിയിലേയ്ക്ക് എന്ന പഠനവിഷയത്തെ ആധാരമാക്കി, വിശ്വാസജീവിതം സംഘടനാപ്രവർത്തനങ്ങളിലൂടെ എങ്ങനെ ഉജ്ജ്വലിപ്പിക്കാം എന്നതായിരിക്കണം ഉപന്യാസത്തിന്റെ മുഖ്യപ്രമേയം. ഓരോ രചനക്കും ഉചിതമായ ശീർഷകം നൽകാവുന്നതാണ്. 5 പേജിൽ കവിയാത്ത രചനകൾ ഡിസംബർ 31-ന് മുൻപായി സിസ്റ്റർ ഷൈനി എസ്.വി.എം.(9495610487)ന്റെ പക്കൽ ഏൽപ്പിക്കേണ്ടതാണ്.

## സമ്മാനക്കൂപ്പൺ - സമ്മാനങ്ങൾ

2012 നവം. 4-ാം തീയതി ചൈതന്യയിൽ വച്ച് മാനേജിംഗ് കമ്മിറ്റി മദ്ധ്യേ, പ്രേഷിതപ്രവർത്തന ഫണ്ട് ശേഖരണാർത്ഥം നടത്തിയ സമ്മാനക്കൂപ്പണിന്റെ നറുക്കെടുപ്പിൽ 1, 2, 3, സ്ഥാനങ്ങൾ നേടിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു കഴിഞ്ഞിരിക്കുന്നു. സമ്മാനക്കൂപ്പണിന്റെ നറുക്കെടുപ്പിലെ വിജയികളുടെ ലിസ്റ്റ് എല്ലാ ശാഖയിലേക്കും ഇതിനോടകം തന്നെ അയച്ചിട്ടുണ്ട്. സമ്മാനാർഹരായവർ ഡിസംബർ 31-ന് മുൻപായി അതി.ഡയറക്ടർ/പ്രസിഡന്റ്/സെക്രട്ടറി എന്നിവരുമായി ബന്ധപ്പെട്ട് സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്. ഏറ്റവും കൂടുതൽ കൂപ്പണുകൾ വിറ്റ ശാഖകൾക്കുള്ള സമ്മാനത്തിന് അർഹരായവർക്ക് അഭിനന്ദനങ്ങൾ. ഇടവകയിലെ കുടുംബങ്ങളുടെ എണ്ണമനുസരിച്ച് 3 ഗ്രൂപ്പുകളിൽ നിന്ന് സമ്മാനാർഹരായവർ.

| | | |
|---|---|---|
| 200 -ൽ താഴെ | - | Pious Mount unit |
| 200 - 450 | - | Ettumanoor unit |
| 450 -ന് മുകളിൽ | - | Kallara Old unit |

- സിജോയ് പറപ്പള്ളിൽ, അതിരൂപതാ പ്രസിഡന്റ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള സൗജന്യ തെങ്ങുകയറ്റപരിശീലനപരിപാടിയുടെ പുതിയ ബാച്ച് പരിശീലനം ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ ആരംഭിച്ചു. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം അഗ്രി. ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി ശ്രീ. ബി. പി. റാവൂഫ് നിർവ്വഹിച്ചു. ശ്രീപുരം പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോസ് ചിറപ്പുറത്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖപ്രഭാഷണം നടത്തി. നാളികേര വികസനബോർഡിന്റെ മാസ്റ്റർ ട്രെയിനർ ബാബു, സുജിത്ത്, മാസ്സ് പ്രോജക്റ്റ് ഓഫീസർ ജസ്റ്റിൻ എന്നിവർ ആശംസ പ്രസംഗം നടത്തി.

ആറു ദിവസം നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ പരിശീലനത്തിൽ തെങ്ങു കയറ്റാൻ പഠിപ്പിക്കുന്നതിനുപുറമെ, ഇൻഷുറൻസ്, ബാങ്കിങ്ങ്, തെങ്ങുകൃഷിരീതി, കമ്മ്യൂണിക്കേഷൻസ് തുടങ്ങി 12 വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകളും, ബോഡിബിൽഡിംഗ് എക്സർസൈസുകളും പഠിപ്പിക്കുന്നു.

പരിശീലനത്തിന്റെ സമാപനത്തിൽ കോക്കനട്ട് ഒളിംപിക്സ്, സർട്ടിഫിക്കറ്റ് വിതരണം, തെങ്ങുകയറ്റ യന്ത്ര വിതരണം തുടങ്ങിയവയും ഉണ്ടായിരിക്കും. പരിശീലനത്തിൽ സംബന്ധിക്കുവാൻ താല്പര്യമുള്ളവർ സെക്രട്ടറി, മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി, പള്ളിക്കുന്ന് പി.ഒ., ശ്രീപുരം, കണ്ണൂർ 4 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കുക.

## പെയിന്റിംഗ് മത്സരം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ശ്രീപുരം നഴ്സറി സ്കൂളും സംയുക്തമായി നേഴ്സറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ചാച്ചാ നെഹ്റു പെയിന്റിംഗ് മത്സരം സംഘടിപ്പിച്ചു. ശ്രീപുരം നേഴ്സറി സ്കൂളിൽ നടന്ന മത്സര പരിപാടിയിൽ 50 കുട്ടികൾ പങ്കെടുത്തു. വിജയികൾക്ക് 1000, 750, 500 എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകൾ നൽകി. ശ്രീപുരം നേഴ്സറി സ്കൂൾ പ്രിൻസിപ്പാൾ സി. റൂബിൻ എസ്.വി.എം., മാസ്സ് പ്രോജക്ട് കോ ഓർഡിനേറ്റർ സി. സോണിയ

തോമസ്, കുമാരി ആഷ്ന ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## വിധവാസംഗമം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ മേഖല വിധവാസംഗമം നടത്തി. സംഗമത്തോടനുബന്ധിച്ച് പൊതുസമ്മേളനം, സെമിനാർ എന്നിവ നടന്നു. ചമതച്ചാൽ സെന്റ് സ്റ്റീഫൻ പാരിഷ് ഹാളിൽ വച്ച് നടന്ന സംഗമം ചമതച്ചാൽ സെന്റ് സ്റ്റീഫൻ പള്ളി വികാരി റവ. ഫാ. ജോസ് പാട്ടക്കണ്ടം ഉദ്ഘാടനം ചെയ്തു. പയ്യാവൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മോളി സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ചു. വിധവാ ഫെഡറേഷൻ സെക്രട്ടറി ശ്രീമതി ത്രേസ്യാമ്മ കെ. വി. യോഗത്തിൽ ആശംസകൾ അർപ്പിച്ചു. തുടർന്ന് സ്ത്രീകളുടെ അവകാശങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി മാസ്സ് പ്രോജക്ട് ഓഫീസർ ശ്രീ. ജസ്റ്റിൻ ലൂക്കോസ് എം.എസ്.ഡബ്ല്യു സെമിനാർ നടത്തി. മാസ്സ് മടമ്പം മേഖല കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## തെങ്ങുകയറ്റ യന്ത്ര വിതരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കേന്ദ്രനാളികേര വികസന ബോർഡും സംയുക്തമായി സംഘടിപ്പിച്ച ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള 6 ദിവസം നീണ്ടുനിന്ന രണ്ടാം ഘട്ട തെങ്ങുകയറ്റ പരിശീലന പരിപാടി പൂർത്തിയായി. പദ്ധതി പ്രകാരം 20 തെങ്ങിന്റെ ചങ്ങാതിമാർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്തു. പ്രസ്തുത വിതരണ ഉദ്ഘാടനം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ നിർവ്വഹിച്ചു. തെങ്ങിന്റെ ചങ്ങാതിമാർക്ക് വേണ്ടി നടത്തിയ കോക്കനട്ട് ഒളിംപിക്സിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡുകൾ നാളികേര വികസന ബോർഡ് മാസ്റ്റർ ട്രെയിനർ ശ്രീ. ബാബു പി.എം. നിർവ്വഹിച്ചു.

പ്രസ്തുത പരിപാടിയുടെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിൽ മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. നാളികേര വികസനബോർഡ് ട്രെയിനർ ശ്രീ. സജിത്ത് എം. പി., മാസ്സ് പ്രോജക്ട് ഓഫീസർ സി. സോണിയ തോമസ്, ശ്രീ. ജസ്റ്റിൻ ലൂക്കോസ് എന്നിവർ ആശംസപ്രസംഗം നടത്തി.

## തയ്യൽ സ്കൂളുകൾ ആരംഭിക്കുന്നു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉഷ ഇന്റർ നാഷണലുമായി സഹകരിച്ച് കണ്ണൂർ ജില്ലയിൽ 20 ഗ്രാമീണ തയ്യൽ സ്കൂളുകൾ ആരംഭിക്കുന്നു. പദ്ധതിയുടെ ഭാഗമായി തയ്യൽജോലി ചെയ്യുന്ന 20 വനിതകളെ തിരഞ്ഞെടുത്ത് മിഷ്യൻ റിപ്പയറിംഗ് ഉൾപ്പെടെ വിവിധ പരിശീലനങ്ങൾ സൗജന്യമായി നൽകുന്നു. ഡിസംബർ 1 മുതൽ 7 വരെ ശ്രീപുരം പാസ്റ്ററൽ സെന്ററിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. 7 ദിവസം ശ്രീപുരത്ത് താമസിച്ചുള്ള ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന വനിതകൾക്ക് സൗജന്യമായി തയ്യൽ മിഷ്യൻ ലഭ്യമാക്കുന്നതാണ്. വിദഗ്ദ്ധ പരിശീലനം നേടിയ ഇവരാണ് പിന്നീട് തങ്ങളുടെ പ്രദേശങ്ങളിൽ തയ്യൽ സ്കൂളുകൾ ആരംഭിക്കുന്നത്. വനിതകളുടെ ശാക്തീകരണവും സാമ്പത്തിക സുസ്ഥിതിയുമാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.

## ലോകപ്രമേഹദിനം ആചരിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജപുരം മേഖലയിലെ ചുള്ളിക്കര സെന്റ് മേരീസ് പാരിഷ് ഹാളിൽവച്ച് ലോക പ്രമേഹദിനാചരണം നടത്തി. ദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണസെമിനാറും പൊതുസമ്മേളനവും സംഘടിപ്പിച്ചു. സി. പ്രശാന്ത് എസ്.ജെ.സി. അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം രാജപുരം ഫൊറോന വികാരി റവ. ഫാ. തോമസ് പ്രാലേൽ ഉദ്ഘാടനം ചെയ്തു. മാസ്സ് രാജപുരം മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ജോസഫ് ആമുഖ പ്രഭാഷണം നടത്തി. തുടർന്ന് പ്രമേഹം വരാതിരിക്കാൻ, നിയന്ത്രിക്കാൻ എന്ന വിഷയത്തെ ആസ്പദമാക്കി കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ നഴ്സിംഗ് ട്യൂട്ടർ സി. മോളി പയറ്റുകാലായിൽ അർദ്ധദിന സെമിനാർ നടത്തി. മാസ്സ് രാജപുരം മേഖലാ ആനിമേറ്റേഴ്സ് പരിപാടികൾക്ക് നേതൃത്വം നൽകി.

## ക്നാനായ സ്റ്റാഴ്സ് സംഗമവും ക്വിസ് മത്സരവും

ക്നാനായ സ്റ്റാഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ക്രിസ്മസ് ക്നാനായ സ്റ്റാഴ്സ് സംഗമം ഡിസംബർ 27 മുതൽ 30 വരെ തീയതികളിൽ ശ്രീപുരം പാസ്റ്ററൽ സെന്ററിൽ നടക്കുന്നു. സംഗമത്തോടനുബന്ധിച്ച് ക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. വിജയികൾക്ക് Rs. 750, Rs. 500, Rs. 250 എന്ന ക്രമത്തിൽ സമ്മാനവും നൽകുന്നു.

ഫാ. സുനിൽ പെരുമാനൂർ (സെക്രട്ടറി)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ**

1 കാക്കനാട്ട് നടന്ന സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

2 കാക്കനാട്ട് കൂടിയ ധ്യാനകേന്ദ്രം ഡയറക്ടർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

2-3 വിജയപുരം അരമനയിൽ നടന്ന റീജിയണൽ ബിഷപ്പ്സ് ധ്യാനത്തിൽ പങ്കെടുത്തു.

3-4 അറുനൂറ്റിമംഗലം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

7 കരിങ്കുന്നം ഇടവക പാറടിയിൽ ചാണ്ടിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

\- കരിങ്കുന്നത്ത് കെ.സി.എസ്.എൽ. ന്റെ സംസ്ഥാനതല വാർഷികത്തിൽ പങ്കെടുത്തു.

10\. എസ്. എച്ച്. മൗണ്ടിൽ നടന്ന സി.എം.എൽ. സംസ്ഥാനതല കലോത്സവം ഉദ്ഘാടനം ചെയ്തു.

\- എസ്. എച്ച്. മൗണ്ട് രൂപതാ മൈനർ സെമിനാരിയിൽ നടന്ന Parent's day, Sponsor's day, Home day എന്നിവയിൽ പങ്കെടുത്തു സന്ദേശം നൽകി.

10-11 കുറുപ്പന്തറ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

13 കാന്തളം ഇടവകയിൽ ഫാ. ഫിലിപ്പ് കരിശ്ശേരിക്കലിന്റെ പൗരോഹിത്യ രജതജൂബിലിയിൽ പങ്കെടുത്തു.

14 ചൈതന്യയിൽ കൂടിയ പ്രസ്ബിറ്ററി കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

15 കരിങ്കുന്നത്ത് സബ്ജില്ലാ കായികമേള ഉദ്ഘാടനം ചെയ്തു.

17-18 മോനിപ്പള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി.

\- മോനിപ്പള്ളിയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

21 OSH സമൂഹത്തിന്റെ സിനാക്സസിൽ സംബന്ധിച്ചു.

22 - ഡിസംബർ 3

യു.എസ്.എ., ഗൾഫ് നാടുകളിൽ സന്ദർശനം നടത്തി

# Engagements

## Mar Mathew Moolakkatt

### December 2012

5 - 6 Dialogue - Pontifical Commission for Christian Unity
7 Nilackal Trust meeting at Chingavanam
8 Eucharistic procession at Uzhavoor
- Holy Qurbana on the feast of the immaculate conception of BVM at Cathedral
- Reception to Mar Climees at Thiruvalla
9 Centenary Celebration of the Parish - Olessa
11-13 KCBC meeting at POC
15 Liturgy committee meeting at Kakkanad
15-17 To Delhi
18 Bimonthly recollection of the priests at Chaithanya
20 Bharananganam Convention
22 Silver Jubilee of the priestly Ordination of Fr. Baby Patyal at Chamathachal
26 Ordination of Dn. Justin SDB at Veliyanad
27 Ordination of Dn. Sujith Kanjirathummoottil at Kurumulloor
28 Blessing of the OSB Abbey & ordinations at Pazhuthuruth
29 Ordination of Dn. Puthuparambil at SH Mount
30 Holy Qurbana & Convention at Piravam
31 Ordination of Dn. Sanal Chirappurath at Eravimangalam

### January

2 Ordination of Dn. Basil at Ramamangalam
3 Ordination of Dn. Joice Nandikunnel at Thellithode
4 KCYM senate meeting at Chaithanya
5 Holy Qurbana at Kumarakom
7-11 Synod at Kakkanad

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2012**

5. ഇടയ്ക്കാട്, കിടങ്ങൂർ ഫൊറോനാ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.
6. ഉഴവൂർ, കടുത്തുരുത്തി, കൈപ്പുഴ ഫൊറോനാ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.
7. പി. ഒ. സി. യിൽ വച്ചു നടത്തിയ യുവജന നേതൃസംഗമത്തിൽ പങ്കെടുത്തു.
8. കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തിയ പൗരോഹിത്യ രജതജൂബിലി ആചരിക്കുന്ന വൈദികരുടെ സംഗമത്തിൽ സംബന്ധിച്ചു.
9. അരമനയിൽ കൂടിയ അതിരൂപത ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് മീറ്റിംഗിൽ പങ്കെടുത്തു.
- ചുങ്കം ഫൊറോനാ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

10. അതിരൂപതാ മൈനർ സെമിനാരി ദിനത്തിലും, സ്പോൺസേഴ്സ് സംഗമത്തിലും സംബന്ധിച്ചു.
11. പി.ഒ.സി.യിൽ കൂടിയ യുവജനനേതൃസംഗമത്തിൽ പങ്കെടുത്തു.
12. ചൈതന്യയിൽ കൂടിയ വൈദിക സെനറ്റ് മീറ്റിംഗിൽ പങ്കെടുത്തു.
- അതിരമ്പുഴ അഭിഷേകാഗ്നി കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

15. കപ്പൂച്ചിൻ പാവനാത്മ പ്രൊവിഷ്യലേറ്റിൽ വി.കുർബ്ബാന അർപ്പിച്ചു.

16–18 ചുള്ളിയോട്, അമരമ്പലം, മുണ്ടേരി പള്ളികളിൽ ഇടയസന്ദർശനം നടത്തി.

24 ക്രിസ്തുരാജ തിരുനാളിനോടനുബന്ധിച്ചുള്ള കത്തീഡ്രൽ പള്ളിയിലെ 12 മണിക്കൂർ ആരാധനയുടെ സമാപനകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

25 മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം ഉദ്ഘാടനം ചെയ്ത ചൈതന്യ കാർഷിക മേളയിൽ സ്വാഗതം ആശംസിച്ചു.

27 മടമ്പം പി.കെ.എം. ബി.എഡ്. കോളേജിലെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

29 കൊട്ടൂർവയൽ പള്ളിയിൽ പുതുതായി പണി കഴിപ്പിച്ച വോൾട്ടിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

**ഡിസംബർ**

1 പുതുതായി കർദ്ദിനാൾ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് മാർ ക്ലിമീസിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാബലിയിൽ പങ്കെടുത്തു.

2 ചൈതന്യ കാർഷികമേളയുടെ സമാപനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

- കാരിത്താസ് ആയുർവേദ ആശുപത്രിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

4 മാനന്തവാടിയിൽ വച്ചു നടത്തിയ ക്രിസ്ത്യൻ സിവിക് സർവീസ് സൊസൈറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

# Engagements

## Mar Joseph Pandarasseril

**December 2012**

8, 9 Centenary celebrations of Olessa Church
10 Celebration of MSW students at BCM College
11-13 KCBC meeting at POC
15 Christmas Celebration of YMCA at Sreekandapuram
16 Laying of foundation stone of the new church at Alexnagar
18-19 Bi-monthly of priests at Malabar

21 Ecumenical christmas celebration at Town square, Kannur

22 Inauguration of silver Jubilee celebration of Knanaya Jyothi English Medium School, Kadaba

26 Seminar for CEFAK students at Chaithanya

- Faith year resource team training at Chaithanya

27 Ordination of Dn. Kurian Kalarickal at Mangaldam

28 Ordination of Dn. Saneesh Kayyalakath at Varappetty

- Ordination of OSB Deacons at Pazhuthuruth

29 Ordination of Dn. Biju Puzhakarot SJ at Pius Nagar

30 Ordination of Dn. Justin Peedathattel at Pothukuzhy

31 Ordination of Dn. Ginu Avanikunnel at Puthussery

**January 2013**

1 Ordination of Dn. Jobin Placheripurath at Airode

2 Ordination of Dn Jinson Kottiyanikal at Attapady

3 Ordination of Dn Anish Puthussery at Michaelgiri

4-6 KCYM Senate at Chaithanya Pastoral Centre

# അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2012**

7. നീണ്ടൂർ ഇടവക മുകളേൽ പരേതനായ ആന്റണിക്ക് വേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

26. ഒളശ്ശ ഇടവക പാട്ടക്കണ്ടത്തിൽ പരേതനായ ഫിലിപ്പിനുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# വചനദർശനം

## ദൈവത്തിന്റെ പ്രവർത്തി

**ഡിസംബർ 23** **(മത്താ 1, 18 – 25)**

വി. ഗ്രന്ഥം മുഴുവൻ നമ്മെ അത്ഭുതപ്പെടുത്തുന്നത് ചരിത്രത്തിലുടനീളം വഴിനടത്തുന്ന ദൈവത്തിന്റെ പ്രവർത്തനംവഴിയാണ്. ഇന്നത്തെ ആദ്യവായനയിൽ (ഉത്പ 24, 50 – 67) അത്ഭുതകരമായ ഒരു പെണ്ണുകാണൽ ചടങ്ങാണ്. യജമാനന്റെ മകന് വേണ്ടി ഭൃത്യൻ പെണ്ണ്കാണാൻ പോകുന്നു. അധ്യായത്തിലൊരിടത്തും ഈ ഭൃത്യന് പേരില്ല. അത്രയ്ക്ക് അപ്രധാനിയാണ് അയാൾ. എന്നാൽ പ്രസ്തുത സംഭവത്തിൽ അവൻ ഒരു നിമിത്തവും മാധ്യമവുമാണ്. ഈ പെണ്ണുകാണൽ ചടങ്ങിലെ തെരഞ്ഞടുപ്പ് യഥാർത്ഥത്തിൽ നടത്തുന്നതും കാര്യങ്ങൾ ക്രമീകരിക്കുന്നതും ദൈവംതന്നെ. രക്ഷാകരസംഭവങ്ങളുടെ കർത്താവും നടത്തിപ്പുകാരനും ദൈവം മാത്രമാണ്. മനുഷ്യൻ അവയോട് സഹകരിക്കാനുള്ളവനും.

രണ്ടാം വായന (1 സാമു 1, 1 – 18) അത്ഭുതകരമായ ഒരു ജനനപശ്ചാത്തലം വിവരിക്കുന്നു. ഹന്നാ മക്കളില്ലാതെ വിഷമിക്കുകയും ദൈവസന്നിധിയിൽ കരയുകയും ചെയ്യുന്നു. അവളുടെ ഭർത്താവിനൊ പുരോഹിതനായ ഏലിക്കോ അവളുടെ വേദന മനസിലാകുന്നില്ല. പ്രാർത്ഥനയ്ക്കവസാനം ഏലി ആശീർവദിക്കുന്നു. "ദൈവം നിന്റെ പ്രാർത്ഥന സാധിച്ചു തരട്ടെ". ഇവിടെയും എല്ലാം ദൈവത്തെ ഭരമേല്പിക്കുന്നു. കാരണം രക്ഷാകരപ്രവർത്തനങ്ങൾ ദൈവത്തിന്റേത് മാത്രമാണ്. അവിടുത്തേയ്ക്ക് പ്രീതികരമായ് ചെയ്ത് (എഫേ 5, 10) മനുഷ്യൻ കാത്തിരിക്കുമ്പോൾ ക്രിസ്തു പ്രകാശിക്കും (5, 14).

സുവിശേഷ വായനയിൽ (മത്താ 1, 18– 25), അത്ഭുതകരമായ പിറവിയാണ്. കന്യകയായ മറിയത്തിൽ നിന്ന് ഈശോ പിറവിയെടുക്കുന്നുവെന്നും അവൻ ശാരീരികമായി മാർ യൗസേപ്പിന്റെ പുത്രനല്ലയെന്നും വി. ഗ്രന്ഥം വ്യക്തമാക്കുന്നത് അവന്റെ ജനനത്തിലുള്ള ദൈവത്തിന്റെ ഇടപെടൽ സ്ഥാപിക്കാനാണ്. മറിയവും യൗസേപ്പും ദൈവത്തോട് സഹകരിച്ചപ്പോൾ ലോകത്തിലേയ്ക്ക് ദൈവപുത്രന് വരാനുള്ള കളമൊരുങ്ങി.

ജീവിതത്തിലെ തെരഞ്ഞെടുപ്പുകൾ ദൈവത്തിന്റേതാണ്. മനുഷ്യന്റെ പ്രയത്നങ്ങൾക്കപ്പുറം ദൈവപദ്ധതികളാണ് എന്നും നടപ്പാകുന്നത്. 4 വായനകളും നല്കുന്ന സന്ദേശമിതാണ്. ദൈവമേ, എന്റെ ജീവിതത്തിൽ

നീ നടത്തുന്ന ഇടപെടലുകൾ തിരിച്ചറിഞ്ഞ് സഹകരിക്കാൻ കൃപ തരേണമേ. അപ്പോൾ എന്നിൽ ക്രിസ്തു പിറക്കും.

## ക്രിസ്തുമസ്

ക്രിസ്തുമസിന്റെ വരവറിയിക്കുന്ന പ്രധാന പ്രതീകങ്ങളിലൊന്ന് നക്ഷത്രങ്ങളാണ്. എല്ലാ ക്രിസ്തുമസുകളിലും നാം വീടുകളിൽ നക്ഷത്രങ്ങൾ തൂക്കാറുണ്ട്. കർത്താവിനെ തേടിവന്ന ജ്ഞാനികൾക്ക് പുൽക്കൂട്ടിലേയ്ക്കുള്ള വഴി തെളിച്ചുകൊടുക്കാനുള്ള നിയോഗം ലഭിച്ച ആദിമ നക്ഷത്രത്തെയാണ് അത് അനുസ്മരിപ്പിക്കുന്നത്. ബേത്‌ലഹേമിലെ ആട്ടിടയർക്ക് പ്രത്യക്ഷപ്പെട്ട മാലാഖമാരുടെ ദൗത്യവും ഇതുതന്നെയാണ്. എല്ലാ ക്രിസ്തുമസുകളിലും നക്ഷത്രങ്ങളുടെയും മാലാഖമാരുടെയും ദൗത്യനിർവ്വഹണത്തിന് പ്രസക്തിയുണ്ട്. ജീവിതത്തിൽ മറ്റുള്ളവർക്ക് മിശിഹായിലേയ്ക്കുള്ള വഴി തെളിച്ചുകൊടുക്കുന്ന ഏവരും ഈ ദൗത്യമേറ്റെടുക്കുന്നവരാണ്. മക്കൾക്ക് വിശ്വാസവെളിച്ചം പകർന്നുകൊടുക്കുന്ന മാതാപിതാക്കളും അദ്ധ്യാപകരും സാന്നിദ്ധ്യംകൊണ്ട് വിശ്വാസ ജീവിതം ആഴപ്പെടുത്തുന്ന സമർപ്പിതരും പരസ്പരം വിശുദ്ധീകരിക്കുന്ന ഭാര്യാഭർത്താക്കന്മാരും മാലാഖമാരുടെ സംഗീതവും നക്ഷത്രങ്ങളുടെ വെളിച്ചവുമാകുകയാണ്.

പക്ഷേ, പലപ്പോഴും പുതുതലമുറയ്ക്കോ അഭ്യസ്തവിദ്യരെന്നും സംസ്കാരസമ്പന്നരെന്നും കരുതുന്നവർക്കും ഇതൊന്നും ഏല്ക്കുകയില്ല, കാരണം വിശ്വാസവെളിച്ചം അവർക്ക് തെളിച്ചം നല്കാൻപോന്നതല്ല ത്രേ. കാരണമുണ്ട്. ഒരിക്കലും മനുഷ്യന്റെ സാധാരണ അളവുകോലുകൊണ്ട് അളക്കാനോ, കണ്ണുകൊണ്ട് കാണാനോ കഴിയുന്നതല്ല അവന്റെ സന്ദേശം. അവന്റെ ജനനംമുതൽ ഈ സന്ദേശത്തിന്റെ വ്യത്യസ്തത കാണാനാകും. ലോകത്തിന്റെ പ്രകാശം ഈ ഭൂമിയിൽ പിറന്നുവീണത് ഒരു പാതിരാവിൽ, എന്നാൽ അവൻ മരിച്ച് വീണപ്പോൾ നട്ടുച്ച പാതിരാവുപോലെയായി. അവന്റെ പിറവിയ്ക്കടയാളം പിള്ളക്കച്ച, അവന്റെ ഉയിർപ്പിനടയാളം ശവക്കച്ച. മനുഷ്യന്റെ പ്രതാപം ഹേറോദേസുമാരുടെ കോട്ടകൊത്തളങ്ങളിലാണെങ്കിൽ ദൈവത്തിന്റെ പ്രതാപം ആകാശത്തിലെ നക്ഷത്രങ്ങളിലും ഭൂമിയിലെ പുല്ലിന്റെ തൊട്ടിയിലും. മനുഷ്യന്റെ മുൻപിൽ വിലയില്ലാത്തതിനൊക്കെ ദൈവം വിലനല്കുന്നതിന്റെ ആഘോഷമാണ് അപ്പോൾ ക്രിസ്തുമസ്. ഇത് സാധാരണ മനസുകൾക്ക് ഉൾക്കൊള്ളാൻ എളുപ്പമല്ല. അതുകൊണ്ടാണ് ഇന്നും പലർക്കും ക്രിസ്തു ഇടർച്ചയ്ക്ക് വിഷയമാകുന്നത്.

അപ്പോൾ ആർക്കൊക്കെയാണ് ക്രിസ്തുമസ് വെളിച്ചം ലഭിക്കുന്നത്? മത്തായിയുടെ സുവിശേഷത്തിൽ അത് ജ്ഞാനികൾക്കാണെങ്കിൽ

ലൂക്കായുടെ സുവിശേഷത്തിൽ അത് ആട്ടിടയർക്കാണ്. ജ്ഞാനികൾ വെളിച്ചം തേടിനടക്കുന്നവരാണെങ്കിൽ, ആട്ടിടയർ വെളിച്ചം ഉൾക്കൊള്ളാനുള്ള തുറവിയുള്ളവരായിരുന്നു. മറ്റൊരു പ്രത്യേകത ഇവർ രണ്ടുകൂട്ടരും യഹൂദ ഗണത്തിൽ പെട്ടവരാണെന്ന് കരുതാൻ ന്യായമില്ല. എന്നാൽ രക്ഷിക്കപ്പെട്ടവരെന്നും നിയമം അറിയാമെന്ന് കരുതുന്നവർക്കും മുകളിൽ ക്രിസ്തുമസ് വെളിച്ചം തെളിയാത്തതെന്തുകൊണ്ടാണ്? ഹേറോദേസിന്റെ കൊട്ടാരത്തിലുണ്ടായിരുന്ന പണ്ഡിതർ നക്ഷത്രം കണ്ടെങ്കിലും വെളിച്ചം കിട്ടിയില്ല. ദൈവത്തെ അന്വേഷിക്കുന്നവരും ദൈവത്തോട് തുറവിയുള്ളവരും മാത്രമാണ് രക്ഷ കണ്ടെത്തുന്നത്. ക്രിസ്തുമസ് രണ്ട് കാര്യങ്ങൾ ഓർമിപ്പിക്കുന്നു. ജീവിതത്തിൽ മറ്റുള്ളവർക്ക് മിശിഹായെ കാണിച്ചുകൊടുക്കുന്ന നക്ഷത്രങ്ങളും സംഗീതവുമാകുക. നമ്മുടെ ശിരസിന് മുകളിൽ തെളിയുന്ന നക്ഷത്രവെളിച്ചം കാണാനുള്ള തുറവിയുണ്ടാകട്ടെ.

**ഡിസംബർ 30 തിരുക്കുടുംബത്തിരുന്നാൾ**

അടുത്ത നാളുകളിൽ പത്രങ്ങളിൽ വന്ന ഒരു വാർത്ത ഒരു യൂറോപ്യൻ രാജ്യത്ത് ഇന്ത്യൻ മാതാപിതാക്കൾ കുട്ടികളെ തങ്ങളുടെ മുറിയിൽ കിടത്തിയതിന് ശിക്ഷിക്കപ്പെട്ടുവെന്നതായിരുന്നു. കുട്ടികളെ വളർത്തുന്നതിന് അനുയോജ്യമായ മുറികളും സംവിധാനങ്ങളും വേണമത്രേ. വിചിത്രമായ നിയമങ്ങളുള്ള ആ നാട്ടിൽ ദമ്പതികൾ കുഞ്ഞുങ്ങൾക്ക് ജന്മം നല്കാൻ തന്നെ ഇഷ്ടപ്പെടുന്നില്ലെന്നത് വേറെ കാര്യം. ഏതായാലും ശിശുക്കളുടെ സംരക്ഷണം ഇന്ന് ആരും സമ്മതിക്കുന്ന കാര്യമാണ്. തിരുക്കുടുംബ തിരുന്നാളാഘോഷിക്കുന്ന ഇന്ന് മറിയവും യൗസേപ്പും ഹേറോദേസിന്റെ വാളിൽനിന്ന് ഈശോയെ രക്ഷിക്കുന്ന സംഭവമാണ് നാം വായിക്കുന്നത്.

ഈ തിരുന്നാൾ നല്കുന്ന സന്ദേശം നിങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുകയെന്നതാണ്. ഇന്ന് ഹേറോദേസുമാർ അനേകമുണ്ട്. അവർ ആയുധം കൊണ്ട് എന്നതിനേക്കാൾ ആശയം കൊണ്ട് ശിശുക്കളെ കൊല്ലുന്നു. ആയുധങ്ങളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാം. പക്ഷേ, ആശയങ്ങളെ പ്രതിരോധിക്കാനോ തിരിച്ചറിയാനോ നമുക്ക് കഴിയുന്നുണ്ടോ? മാധ്യമങ്ങളിലൂടെ പ്രസ്ഥാനങ്ങളിലൂടെ, ചിലപ്പോൾ ആത്മീയ കച്ചവടങ്ങളിലൂടെ പോലും കുഞ്ഞുങ്ങൾ തകർക്കപ്പെടാം. അഭിനവ ഹേറോദേസുമാരിൽനിന്ന് കുടുംബങ്ങളെ സംരക്ഷിക്കണമേയെന്ന് തിരുക്കുടുംബത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ഫാ. ബിജോ കൊച്ചാദംപള്ളിൽ